ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ഈ സുനാമി കഴിഞ്ഞ പ്രദേശങ്ങളിലൂടെയൊക്കെ പോയി. അവിടെ വലിയ തോതിൽ ഈ മണ്ണ് അടിഞ്ഞുകൂടിക്കിടക്കുന്നത് കണ്ടു. ആ മണ്ണുമാറ്റി അതുവഴി ഗതാഗതയോഗ്യമാക്കാൻതന്നെ ദിവസങ്ങളെടുത്തു. തിരയടിക്കുമ്പോൾ ഈ മണ്ണ് വരുന്നു. പിന്നെ വരുന്ന ഒരു അവസരത്തിൽ ഈ മണ്ണ് ഇറങ്ങിപ്പോകുന്നു. അതുകൊണ്ട് ഇത് ഒരു തുറന്ന ചർച്ചയ്ക്ക് സാഹചര്യം ഉണ്ടാക്കിയത്, ഇത് എല്ലാം നമ്മൾ പരസ്പരം കാര്യങ്ങൾ അറിഞ്ഞ് മനസ്സിലാക്കി മുമ്പോട്ടുപോകണം എന്നുള്ളതാണ്. ഞാൻ എന്റെ ഈ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒരു പിടിവാശിയുമില്ല. പക്ഷേ, നമുക്കും ഇവിടെ വികസനം വേണ്ടേ? നമ്മുടെ അവസരങ്ങൾ പ്രയോജനപ്പെടുത്തണ്ടേയെന്ന് ചിന്തിക്കണം. ഞാൻ അവസാനിപ്പിക്കുന്നതിന് മുൻപ് വീണ്ടും ഒരിക്കൽക്കൂടി പറയുന്നു, ഇതു സംബന്ധിച്ച് ആർക്കും ആശങ്ക വേണ്ട. ഇതു സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ, ഈ സഭയുടെ പുറത്തു ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ അതെല്ലാം കണക്കിലെടുത്തേ ഒരു തീരുമാനം ഗവൺമെന്റ് എടുക്കുകയുള്ളൂ. പക്ഷേ, ഒരു സാഹചര്യത്തിലും ഖനനം പാടില്ല എന്നു പറയുന്ന സമീപനത്തോട് ഗവൺമെന്റിന് യോജിപ്പില്ല. മറിച്ച് ഇന്നയിന്ന പ്രശ്നങ്ങളുണ്ട്, അതിൽ പ്രതിഷേധമുണ്ട്, അത് പരിഹരിക്കണം. അതിന് പരിഹാരം കണ്ടെത്തിയേ പോകാൻ പറ്റൂ എന്നു പറയുന്നത്, അങ്ങനെ വരുന്ന എല്ലാ പ്രശ്നങ്ങളും കണക്കിലെടുത്ത് ഒരു പരാതിയും പ്രതിഷേധവും കണക്കിലെടുക്കാതെ പോകില്ല. ആര് ഉന്നയിക്കുന്ന പ്രശ്നവും അത് ഗൗരവത്തോടുകൂടിയെടുത്ത് അതിനുകൂടെ പരിഹാരം ഉണ്ടാക്കിക്കൊണ്ട് നമുക്ക് ഈ സമ്പത്ത് നമ്മുടെ സംസ്ഥാനത്തിനുവേണ്ടി വിനിയോഗിക്കാൻ സാധിക്കുമോയെന്നുള്ളതാണ് നമുക്ക് പരിശോധിക്കേണ്ടത്. അതിന് ഗവൺമെന്റിനോട് സഹകരിക്കാൻ എല്ലാപേരും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(2) കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം സംബന്ധിച്ച് ചർച്ച(ശ്രീ. മത്തായി ചാക്കോ നോട്ടീസ് നൽകിയത്)

ശ്രീ. മത്തായി ചാക്കോ: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 58-ാം ചട്ടപ്രകാരം താഴെപ്പറയുന്ന പൊതുപ്രാധാന്യമുള്ള അടിയന്തിര സംഗതി ചർച്ച ചെയ്യാനുള്ള എന്റെ ഉദ്ദേശം സംബന്ധിച്ച് ഞാൻ നോട്ടീസ് നല്കുന്നു:

"ഗവേഷണ കേന്ദ്രങ്ങളും ക്യാമ്പസുകളും സ്വകാര്യ വ്യക്തികൾക്ക് കൈമാറ്റം ചെയ്തതും, 25 വർഷത്തിലധികം സർവ്വീസുള്ള 500-ഓളം ശാസ്ത്രജ്ഞൻമാരെ തരംതാഴ്ത്തിയും കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്ന നടപടി സഭ ചർച്ച ചെയ്യണം."

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരള കാർഷിക സർവ്വകലാശാല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഈ സഭയുടെ ഗൗരവപൂർണ്ണമായിട്ടുള്ള പരിഗണനയ്ക്കുവേണ്ടിയിട്ടാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഈ പ്രശ്നത്തെ സംബന്ധിച്ച് ഇവിടെ സംസാരിച്ചു. 1972 ഫെബ്രുവരി മാസം 1-ാം തീയതിയാണ് കേരളത്തിൽ കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം ഇവിടെ ആരംഭിക്കുന്നത്. പൊതു സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്തമായി കാർഷികഗവേഷണത്തിനും, കാർഷിക മേഖലയുടെ വികസനത്തിനും വേണ്ടി പ്രത്യേകം സർവ്വകലാശാലകൾ വേണമെന്ന ആശയം 1948-ലെ ഡോ. എസ്. രാധാകൃഷ്ണൻ ചെയർമാനായിട്ടുള്ള യൂണിവേഴ്സിറ്റി എഡ്യൂക്കേഷൻ കമ്മിഷൻ തന്നെയാണ് അത്തരം ഒരു നിർദ്ദേശം മുമ്പോട്ട് വച്ചത്. അതിനെത്തുടർന്ന് നമ്മുടെ രാജ്യത്തിലെ പ്രശസ്തമായിട്ടുള്ള ICAR (Indian Council of Agricultural Research) തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങൾ അതിന്റെ കീഴിൽ വരുന്നു. IARI, IVRI അതുപോലെതന്നെ കൊച്ചിയിലുള്ള CIFE പോലുള്ള സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്ത് അതിനെത്തുടർന്ന് ഉയർന്നുവന്നവയാണ്. കേരള കാർഷിക സർവ്വകലാശാല കഴിഞ്ഞ 3 പതിറ്റാണ്ടിനകം കേരളത്തിന്റെ കാർഷികഘടനയേയും വിളകളേയും അതിന്റെ സംരക്ഷണവുമായി എല്ലാം ബന്ധപ്പെട്ടുകൊണ്ട് സ്തുത്യർഹമായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിവന്നിട്ടുള്ള ഒരു സ്ഥാപനമാണ്. കേരളത്തിലെ 35-ഓളം വരുന്ന കാമ്പസുകളും അവയോട് അനുബന്ധമായിട്ടുള്ള ഏതാണ്ട് 4400 ഏക്കർ ഭൂസ്വത്തും അതുപോലെതന്നെ കെട്ടിട സമുച്ചയവും എല്ലാം ഇതിന്റെ ഭാഗമായിട്ട് ഉയർന്നു വന്നിട്ടുണ്ട്. 3000-ഓളം വരുന്ന വിദ്യാർത്ഥികളും 660-ൽ അധികം വരുന്ന ശാസ്ത്രജ്ഞൻമാരും അധ്യാപകരും 1900-ലധികം വരുന്ന തൊഴിലാളികളും ഉൾക്കൊള്ളുന്ന കാർഷിക സർവ്വകലാശാലയുടെ ഇന്നത്തെ സ്ഥിതി പരമ ദയനീയമായിട്ടുള്ള ഒരു അവസ്ഥയിലേക്കും തകർച്ചയിലേക്കും നിശ്ചലാവസ്ഥയിലേക്കും വന്നു കഴിഞ്ഞിരിക്കുന്നു എന്ന കാര്യമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്.

സർവ്വകലാശാലയിലെ പഠന-ഗവേഷണ-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ ഏതാണ്ട് സമ്പൂർണ്ണമായിട്ടുള്ള സ്തംഭനാവസ്ഥയിലേക്ക് ഇന്ന് പോയിക്കൊണ്ടിരിക്കുകയാണ്. 500-ലധികം വരുന്ന അദ്ധ്യാപകരും ശാസ്ത്രജ്ഞൻമാരും തുടർച്ചയായിട്ടുള്ള പീഡനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത രൂപത്തിൽ അവിടുത്തെ അദ്ധ്യാപകരുടേയും അതുപോലെതന്നെ ശാസ്ത്രജ്ഞന്മാരുടേയും

LIBRARY ARCHIVES Kerala Legislative Assembly

ശമ്പളവും അവർ ഇതുവരെ വാങ്ങിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ വലിയതോതിൽ കുറവ് ചെയ്തിരിക്കുന്ന വിവേചനപരമായിട്ടുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേരള കാർഷിക സർവ്വകലാശാല നല്ലൊരു ഭൂതകാല ചരിത്രമുള്ള സ്ഥാപനമായിരുന്നു. പ്രശ്നാധിഷ്ഠിത ഗവേഷണ പദ്ധതികൾക്ക് സർവ്വകലാശാല പ്രസിദ്ധമായിരുന്നു. കേരളത്തിന്റെ കാർഷിക മേഖലയിൽ ഉയർന്നുവരുന്ന, വാണിജ്യ വിളകളും ഭക്ഷ്യ വിളകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് അപ്പപ്പോൾ പഠനവും ഗവേഷണവും നടത്താനും അതിന്റെ ഭാഗമായി പുതിയ കണ്ടുപിടുത്തങ്ങൾ നടത്താനും കാർഷിക സർവ്വകലാശാലയെ സഹായിക്കാനും കഴിയുന്ന തരത്തിലുള്ള പ്രസിദ്ധമായിട്ടുള്ള ഒരു ഭൂതകാലം ഈ സ്ഥാപനത്തിലുണ്ടായിരുന്നു. അതിന്റെ ഭാഗമായി ഉയർന്നുവന്നിട്ടുള്ള ഒട്ടനവധി സ്ഥാപനങ്ങളുണ്ട്. അത് ബഹുമാന്യയായ കൃഷിവകുപ്പുമന്ത്രിതന്നെ സമ്മതിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഉദാഹരണമായി പട്ടാമ്പിയിലെ നെല്ലുഗവേഷണ കേന്ദ്രം രാജ്യവ്യാപകമായി പ്രശസ്തി നേടിയിട്ടുള്ള ഒരു സ്ഥാപനമാണ്. അവിടെ ആര്യൻ തൊട്ട് ഐശ്വര്യ വരെയുള്ള 57-ലധികം വരുന്ന വിത്തിനങ്ങൾ ഉല്പാദിപ്പിക്കുകയും കണ്ടുപിടിക്കുകയും അത് കേരളത്തിലും രാജ്യത്താകെയും വ്യാപകമായി വരികയും ചെയ്തിട്ടുള്ളതാണ്. അതുപോലെതന്നെ കേരളത്തിലെ വയലുകളുടെ വിസ്തൃതി വലിയ തോതിൽ തുടർച്ചയായി കുറഞ്ഞുവന്നപ്പോൾ, പാടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് നികത്തിയ ഒരു സന്ദർഭത്തിൽപ്പോലും ഉല്പാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ട് വലിയ തോതിൽ നെല്ലുല്പാദനത്തിൽ കുറവുവരാതെ സംരക്ഷിക്കുന്നതിന് യഥാർത്ഥത്തിൽ പട്ടാമ്പിയിലെ നെല്ലുഗവേഷണകേന്ദ്രം വഹിച്ചിട്ടുള്ള പങ്ക് കേരളത്തിന്റെ കാർഷിക വികസന ചരിത്രത്തിൽ എടുത്തുപറയത്തക്ക ഒരു കാര്യമാണ്. അതുപോലെതന്നെ ഇവിടെ കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നടപ്പാക്കിയിട്ടുള്ള നിരവധി പദ്ധതികളുണ്ട്. ഖലാസ പദ്ധതി, കാർഷിക ജൈവസാങ്കേതിക വിദ്യയുടെ പ്രയോഗത്തിലൂടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന അബാഡ് പദ്ധതി ഇതെല്ലാം കാർഷിക സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം അതിന്റെ ചരിത്രത്തിൽ നിർണ്ണായകമായിട്ടുള്ള വളർച്ചയുടെ ഘട്ടങ്ങളായിരുന്നു. കേരരക്ഷാപദ്ധതി അതുപോലെതന്നെ കേര സുധാപദ്ധതി ഇതിൽ ഒട്ടനവധി പദ്ധതികളും വികസന പരിപാടികളും ഇതിന്റെ ഭാഗമായി ഉയർന്നുവന്നിരുന്നു. ഇപ്പോൾ ഈ പ്രതിസന്ധിക്കിടയിൽപ്പോലും കഴിഞ്ഞ മൂന്നുവർഷക്കാലമായി രാജ്യത്തെ ഏറ്റവും നല്ല കാർഷിക സർവ്വകലാശാലയ്ക്കുള്ള സർദാർ പട്ടേൽ അവാർഡ് ഈ സർവ്വകലാശാലയ്ക്ക്

വഹിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് പ്രത്യേകമായി നമ്മൾ ഇവിടെ സൂചിപ്പിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഈ സർവ്വകലാശാലയുടെ കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകാലത്തുണ്ടായിരുന്ന നേട്ടങ്ങളെയാകെ, അതിന്റെ വളർച്ചയേയും വികാസത്തേയും ഗവേഷണ പ്രവർത്തനത്തേയും ശാസ്ത്രജ്ഞന്മാരുടെ മുൻകൈയേയുമെല്ലാംതന്നെ അട്ടിമറിക്കുന്ന രൂപത്തിലുള്ള ഒരു നിലപാടാണ് ദൗർഭാഗ്യകരമെന്നുപറയട്ടെ യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. ഈ 35 കാംപസുകളിലുമുള്ള ഗവേഷണ കേന്ദ്രങ്ങളിലെ വൈജ്ഞാനിക പ്രവർത്തനങ്ങൾ ആകെ സ്തംഭിച്ചിരിക്കുകയാണ്. ഗവേഷണ കേന്ദ്രങ്ങൾ സമ്പൂർണ്ണ നിർജ്ജീവമായിട്ടുള്ള അവസ്ഥയുമുണ്ട്. അധ്യാപകരും ശാസ്ത്രജ്ഞന്മാരും അവരുടെ ശമ്പളം നൽകാത്തതിന്റെ പേരിൽ, ഉള്ളത് വെട്ടിക്കുറച്ചതിന്റെ പേരിൽ വ്യാപകമായിട്ടുള്ള പീഡനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. ഞാൻ ഒന്നുരണ്ട് ഉദാഹരണങ്ങൾ മാത്രമേ ഇവിടെ സംക്ഷിപ്തമായി പറയുന്നുള്ളൂ. 2004-05 വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് പ്ലാൻ വിഹിതമായി ഗവൺമെന്റ് അനുവദിച്ചുകൊടുത്തത് 25 കോടി രൂപയാണ്. കേരള കാർഷിക സർവ്വകലാശാലയെ തകർക്കണമെന്നുള്ള ദുരുദ്ദേശത്തോടുകൂടി ഗവൺമെന്റ് ആ പ്ലാൻ വിഹിതം 12 കോടി രൂപ വെട്ടിക്കുറച്ചു. 25 കോടി രൂപയുടെ പ്ലാൻ വിഹിതത്തിൽ നിന്നും വികസനാവശ്യങ്ങൾക്കുവേണ്ടി, ഗവേഷണാവശ്യങ്ങൾക്കുവേണ്ടി പ്രയോജനപ്പെടത്തക്ക രീതിയിൽ 12 കോടി രൂപ ഗവൺമെന്റ് കട്ട് ചെയ്തു. അവിടെ ഒരുമാസം ശമ്പളം നൽകണമെങ്കിൽ 4.6 കോടിയോളം രൂപവേണമെന്നാണ് കണക്കാക്കുന്നത്. ഈ കഴിഞ്ഞ 2005 ഫെബ്രുവരി മുതൽ അത് രണ്ടുകോടിയായി വെട്ടിക്കുറച്ചു. അദ്ധ്യാപകർക്കും അതുപോലെതന്നെ ശാസ്ത്രജ്ഞന്മാർക്കും ഐ.സി.എ.ആർ.-ഉം യു.ജി.സി.-യും നിഷ്ക്കർഷിച്ചിട്ടുള്ള ശമ്പളത്തിൽ അവർക്ക് കൊടുത്തിരിക്കുന്നത് വലിയതോതിൽ കഴിഞ്ഞ ഫെബ്രുവരിയിൽ വെട്ടിക്കുറച്ചു. ശമ്പളംതന്നെ പല ആളുകൾക്കും കൊടുക്കാത്ത ഒരു അവസ്ഥയിലേക്ക് കാര്യങ്ങൾ വന്നു. Statutory Grant 100 കോടിരൂപ സാധാരണഗതിയിൽ ഒരു വർഷം കൊടുക്കേണ്ട സ്ഥാനത്ത് ഏതാണ്ട് 65 കോടി രൂപയായി അത് കുറച്ചാണ് സ്ഥിരമായി കൊടുത്തുകൊണ്ടിരിക്കുന്നത്. അവിടെ Land Grant വ്യവസ്ഥയിൽ നടന്നുവന്നിരുന്ന ഫാമുകൾ സമ്പൂർണ്ണമായി നിശ്ചലമായി. വെള്ളാനിക്കരയിൽ ആയിരത്തോളം ഏക്കർ ഭൂമിയുള്ള അവിടുത്തെ കാമ്പസ്സിന്റെ സ്ഥിതി ഇതാണ്. നാലായിരത്തോളം തൊഴിലാളികൾ ഒരു ഘട്ടത്തിൽ വർക്ക് ചെയ്തിരുന്ന കേരളത്തിലെ കാർഷിക സർവ്വകലാശാലയിലെ കർഷക തൊഴിലാളികളുടെ എണ്ണം 1900 ആയി ചുരുങ്ങിവന്നു. അതുതന്നെ സ്ഥിരം തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ട് കരാർ തൊഴിലാളികളെ വച്ചു. ആ കരാർ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളെപ്പോലും ഇപ്പോൾ പല സ്ഥലത്തും നിയമിക്കാത്ത സ്ഥിതിവിശേഷമുണ്ട്. പ്രാദേശിക ഗവേഷണ കേന്ദ്രങ്ങളിൽ നടന്നുവന്ന ഗവേഷണങ്ങൾ തകർന്നു. അതൊരു പ്രധാനപ്പെട്ട പ്രശ്നമായി ഞാനിവിടെ ഉന്നയിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം യഥാർത്ഥത്തിൽ അവരെടുത്തുവരുന്ന നയം, അത് ആഗോളവത്ക്കരണ നയത്തിന്റെ ഭാഗമായിട്ട്, ഇന്ത്യയിലെ സർവ്വകലാശാലയെ പൊതുവിൽ ബാധിക്കുന്ന ഒരു നയത്തിന്റെ ഭാഗമായിട്ട് പ്രാദേശികമായിട്ടുള്ള ഗവേഷണം ആ സർവ്വകലാശാലകളുടെ സ്വന്തം സമ്പത്ത് മുടക്കിക്കൊണ്ടുള്ള ഗവേഷണം നിരുത്സാഹപ്പെടുത്തുകയും യഥാർത്ഥത്തിൽ externally aided projects, വിദേശ സഹായത്തോടുകൂടിയോ സർവ്വകലാശാലയുടെ പുറത്തുനിന്നുമുള്ള ഏജൻസിയുടെ സഹായത്തോടുകൂടിയോ ഉള്ള ഗവേഷണം അവിടെ പ്രോത്സാഹിപ്പിക്കുകയാണ്. അതുപോലെതന്നെ Sponsored Research Projects-ന് പ്രോത്സാഹനം കൊടുക്കുകയാണ്. അതുമാത്രം മതിയെന്നുള്ള അവസ്ഥയിലേക്ക് വരികയാണ്. പങ്കാളിത്ത ഗവേഷണത്തിന് പ്രോത്സാഹനം കൊടുക്കുകയാണ്. അങ്ങനെ വരുന്നതോടുകൂടി കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി കേരളത്തിന്റെ കാർഷിക ഘടനയുമായി ഉയർന്നുവരുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഗവേഷണം നടത്തി അതിന് പരിഹാരം കാണുക എന്നുപറയുന്ന നമ്മുടെ സർവ്വകലാശാലയെ ശക്തിപ്പെടുത്തുന്ന ഗവേഷണ പദ്ധതികളെ തകർക്കുകയും ഈ രൂപത്തിലുള്ള externally aided projects-ന് ഊന്നൽ കൊടുക്കുകയും ചെയ്തുകൊണ്ട് ഗവേഷണസംരംഭത്തെ തകർക്കുന്ന ഒരു നിലപാടാണ് യു.ഡി.എഫ്. ഗവൺമെന്റ് അവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അധികൃതർ അതിനെ പ്രോത്സാഹിപ്പിക്കുകയാണ്. ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം കേരള കാർഷിക സർവ്വകലാശാലയുടെ സുപ്രധാനമായിട്ടുള്ള എല്ലാ കേന്ദ്രങ്ങളും തകർച്ചയെ നേരിടുകയാണ്. മങ്കൊമ്പ് നെല്ലു ഗവേഷണ കേന്ദ്രം തകർച്ചയിലാണ്. പട്ടാമ്പി നെല്ലുഗവേഷണ കേന്ദ്രം വലിയ തോതിൽ തകർച്ചയിലാണ്. അവിടെ ഗവേഷണത്തിന് ഫണ്ട് കൊടുക്കുന്നില്ല. അതുപോലെതന്നെ വെള്ളാനിക്കരയിലെ ആസ്ഥാന ക്യാമ്പസിൽ വെള്ളവും വെളിച്ചവുമില്ല. ക്യാമ്പസ് മുഴുവൻ കാടുകയറി കിടക്കുകയാണ്. അവിടെ ഒരു മുടിഞ്ഞ തറവാടുപോലെ ആക്കുന്നതിൽ ഈ ഗവൺമെന്റിന് നിർണ്ണായകമായിട്ടുള്ള ഉത്തരവാദിത്വമുണ്ട്. കോലാഹലമേട്ടിലെ ക്യാമ്പസ് മൂന്നരക്കോടി രൂപയ്ക്ക് Kerala Livestock Development Board-ന് കൈമാറാൻ പോകുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. സോയിൽ ഡെവലപ്മെന്റ് കേന്ദ്രം ഏറ്റെടുത്തിട്ടുള്ള പൂനയിലെ മണ്ണു ഗവേഷണകേന്ദ്രവും ഇപ്പോൾ കൈമാറി കൊടുക്കുകയാണ്. അത് കൊടുക്കുന്നത് Food Technology Unit ആക്കി മാറ്റുന്നതിനാണെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കുന്നത്. അതുപോലെതന്നെ കുമരകത്തെ പ്രാദേശിക ഗവേഷണ കേന്ദ്രവും, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നവിടെ പോയതാണ്, ടാജ് ഗ്രൂപ്പിന് ആ പ്രാദേശിക ഗവേഷണ കേന്ദ്രത്തിന്റെ 100 ഏക്കർ സ്ഥലം കൈമാറിക്കൊടുക്കാൻ വേണ്ടി ഉദ്ദേശിക്കുന്നു. കാസർഗോഡ് ജില്ലയിലെ പടന്നക്കാട് അദ്ധ്യാപകരില്ലാത്ത പ്രശ്നമുണ്ട്. അവർ ഇന്നലെയും എന്നെവന്നു കണ്ട് സംസാരിച്ചിരുന്നു. ഇത്തരത്തിൽ പ്രാദേശിക ഗവേഷണ കേന്ദ്രങ്ങൾ സമ്പൂർണ്ണമായി തകർന്നു. അവിടുത്തെ അദ്ധ്യാപകരോടുള്ള വിവേചനം കേരളത്തിന്റേയോ ഇന്ത്യയുടേയോ ചരിത്രത്തിൽ കേട്ടുകേൾവിയുണ്ടോ? യു.ജി.സി. പദ്ധതി ഇന്ത്യയിലെ എല്ലാ സർവ്വകലാശാലയിലും നടപ്പാക്കിയതല്ലേ? ഐ.സി. എ.ആർ.-ന്റെ സഹായത്തോടുകൂടിയല്ലേ പദ്ധതി വന്നത്? 1986 മുതലുള്ള കുടിശ്ശിക എല്ലാവർക്കും കൊടുത്തത്, ഈ സെക്രട്ടേറിയറ്റിലെ ഏതെങ്കിലും ഒരു ഐ.എ.എസ്.കാരനോ അല്ലെങ്കിൽ അണ്ടർ സെക്രട്ടറിയോ പറഞ്ഞതുകേട്ട്, പരിണതപ്രജ്ഞയായിട്ടുള്ള ഒരു ഭരണാധികാരിയെന്ന് മുമ്പ് പേരുകേട്ടിരുന്ന ശ്രീമതി കെ.ആർ. ഗൗരിയമ്മയെപ്പോലുള്ള ഒരാൾ ഇത്തരത്തിൽ അദ്ധ്യാപകരുടേയും ശാസ്ത്രജ്ഞന്മാരുടേയും ശമ്പളം തട്ടിത്തെറിപ്പിക്കുന്ന രൂപത്തിലുള്ള ഒരു നിലപാട് സ്വീകരിച്ചത് നിർഭാഗ്യകരമായിപ്പോയി എന്ന് ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കാണിക്കുകയാണ്. അതുകൊണ്ട് അവിടെ ഗവേഷണം പുനരാരംഭിക്കണം. സർവ്വകലാശാലയ്ക്കാവശ്യമായ ധനം കൊടുക്കണം. അദ്ധ്യാപകരുമായിട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ കഴിയണം. കേരളത്തിലെ അഭിമാനകരമായിട്ടുള്ള ഒരു കാർഷിക ഗവേഷണകേന്ദ്രം എന്നുള്ള നിലയിൽ കേരള കാർഷിക സർവ്വകലാശാലയെ ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കണം. അതിനുവിരുദ്ധമായ നടപടികളിൽ നിന്നും ഗവൺമെന്റ് പിന്മാറണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, ഇവിടെ ഗൗരവമായ ചർച്ച നടക്കുമ്പോൾ മന്ത്രിമാരുൾപ്പെടെയുള്ള അംഗങ്ങൾ ചർച്ചയെ അവഹേളിക്കുന്ന തരത്തിൽ നടക്കുന്നത് ശരിയാണോ?

സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർമാർ അവരവരുടെ സീറ്റിലിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ചെയറിൽ ചെയർമാൻ (ശ്രീ. തോമസ് ചാഴികാടൻ) :

ശ്രീ. പി. പി. ജോർജ്ജ്: സർ, അടിയന്തിര സംഗതി ചർച്ച ചെയ്യാനുള്ള നോട്ടീസ്പ്രകാരം രണ്ടു കാര്യങ്ങളാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. ഒന്ന്, ഗവേഷണ കേന്ദ്രങ്ങളും കാമ്പസ്സുകളും സ്വകാര്യ വ്യക്തികൾക്ക് കൈമാറ്റം ചെയ്യുന്നു. രണ്ട്, 25 വർഷം സർവ്വീസുള്ള അഞ്ഞൂറോളം ശാസ്ത്രജ്ഞന്മാരെ തരംതാഴ്ത്തുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ പട്ടാമ്പി, കുമരകം, ഓണാട്ടുകര, പീലിക്കോട്, അമ്പലവയൽ, വെള്ളായണി തുടങ്ങിയ ഗവേഷണ കേന്ദ്രങ്ങളും ഹോർട്ടിക്കൾച്ചർ, അഗ്രിക്കൾച്ചർ തുടങ്ങിയ കോളേജുകളും എല്ലാം ഗവേഷണ കേന്ദ്രങ്ങളാണ്. 36 ഗവേഷണ കേന്ദ്രങ്ങളുണ്ട്. ഈ ഗവേഷണകേന്ദ്രങ്ങൾ കൈമാറാൻ പോകുന്നു എന്നതോ വിൽക്കുവാൻ പോകുന്നു എന്നതോ സ്വപ്നത്തിൽപോലും നടക്കാൻപോകുന്ന കാര്യമല്ല. യാഥാർത്ഥ്യവുമല്ല. സമാധാനത്തോടുകൂടിയാണ് മേപ്പയൂർ മെമ്പർ പ്രസംഗിച്ചത്. പക്ഷേ പറഞ്ഞ കാര്യങ്ങൾ ക്രൂരമാണ്. എന്നാൽ ഈ പറഞ്ഞ സംഗതികൾ വച്ചു നോക്കുമ്പോൾ, ഈ സമ്മേളനത്തിലെ ഏറ്റവും വലിയ അസംബന്ധമെന്നുവേണം ഇതിനെ പറയാൻ. കാരണം ഇതൊന്നും വിൽക്കാൻ പോകുന്നില്ല. ഒന്നും കൈമാറാനും പോകുന്നില്ല. ഞാൻ അധികം പറയേണ്ട കാര്യമില്ല. യൂണിവേഴ്സിറ്റി തന്നെ ഒരു ഗ്രീൻ ട്രാവൽ പ്രോജക്ട് അഗ്രോ ടൂറിസത്തിന്റെ ഭാഗമായിട്ട് ആരംഭിക്കാൻ തീരുമാനിച്ചു. താജ് കാർ പാർക്കിംഗിന് പത്ത് ഏക്കർ സ്ഥലം വേണമെന്നു പറഞ്ഞ് യൂണിവേഴ്സിറ്റിക്കും, ഗവൺമെന്റിനും ഒരു പെറ്റീഷൻ അയച്ചു. ആ പെറ്റീഷൻ ഗവൺമെന്റ് റിജെക്ട് ചെയ്തു. യൂണിവേഴ്സിറ്റിയും റിജെക്ട് ചെയ്തു. അങ്ങനെയൊരു സംഗതി ഇപ്പോഴില്ല. കുമരകം കേന്ദ്രത്തിന് ഒന്നും സംഭവിക്കുകയില്ല. കോലാഹലമേട് ഡയറി ഫാമിനെക്കുറിച്ചു പറഞ്ഞതു നന്നായി. പീലിക്കോട്-പടന്നക്കാട് അഗ്രിക്കൾച്ചറൽ കോളേജ്, പൂക്കോട് വെറ്ററിനറി കോളേജ്, ഇടുക്കിയിലെ ഡയറി കോളേജ്, ഇതിനു മുമ്പത്തെ യു.ഡി.എഫ്. ഗവൺമെന്റുള്ളപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി ധനകാര്യമന്ത്രി, ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി, ഞാനും ആ ഗവൺമെന്റിൽ ഉണ്ടായിരുന്നു, അവർ തീരുമാനിച്ചതാണ്. അന്നത്തെ പീലിക്കോട് കോളേജ് ഞങ്ങൾ പണിതീർത്തു. നിങ്ങൾ ഉദ്ഘാടനം ചെയ്തു. പൂക്കോട് കോളേജ് ഞങ്ങളും നിങ്ങളും കൂടി പണി തീർത്തു. ഞങ്ങൾ ഉദ്ഘാടനം ചെയ്തു. അന്നു ഡയറി കോളേജിന് കുറച്ചു പൈസ അനുവദിച്ചിരുന്നു. നിങ്ങളുടെ കാലത്ത് കാര്യമായിട്ട് ഒന്നും ചെയ്തു കൊടുത്തില്ല. ഡയറി കോളേജ് അവിടെ സ്ഥാപിക്കാൻ സാധിച്ചില്ല. അപ്പോൾ കെ.എൽ.ഡി. ബോർഡിൽനിന്നും പൈസ നമ്മൾ തിരിച്ചു വാങ്ങിച്ചു. സ്ഥലം യൂണിവേഴ്സിറ്റിയുടേതാണ്. അതുകൊണ്ട് ഇൻഫ്രാസ്ട്രക്ചറിനു ആവശ്യമായ പൈസ മാത്രമേ കൊടുത്തുള്ളൂ. ഒരു ആപത്തും ആ സ്ഥലത്തിനുണ്ടായിട്ടില്ല. അതുപോലെ പട്ടാമ്പി കോർപ്പറേറ്റ് കുത്തകയ്ക്ക് കൈമാറുന്നു എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. അവർ പബ്ളിഷ് ചെയ്തിട്ടുള്ള ഒരു പുസ്തകമുണ്ട്. എൽ.ഡി.എഫ്.-ന്റെ യൂണിയൻ. ഒരു കോർപ്പറേറ്റ് കുത്തകയ്ക്കും കൈമാറുന്നില്ല. ലളിതാംബികാ കമ്മിഷന്റെ റിപ്പോർട്ട് വായിച്ചിട്ടാണെങ്കിൽ ആ കമ്മിഷൻ ഇപ്പോൾ നിലവിലില്ല. അതു പിരിച്ചുവിട്ടു. ഇതെല്ലാം ഒരു പുകമറ സൃഷ്ടിക്കാൻവേണ്ടി പറയുന്ന കാര്യങ്ങളായിട്ടു മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

കരുതാൻ നിവൃത്തിയുള്ളൂ. വലിയ ക്രമക്കേടുകൾ നടക്കുന്നു എന്നു പറഞ്ഞതിനെക്കുറിച്ചാണ് എനിക്കു പറയാനുള്ളത്. ടീച്ചേഴ്സ് ഓർഗനൈസേഷൻ, പുസ്തകം എന്റെ കയ്യിലുണ്ട്. അവിടെ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും വരാറുണ്ട്. പ്രതിപക്ഷനേതാവിന് നല്ല സ്വീകരണം കൊടുക്കാറുമുണ്ട്. ഞാനും പോകാറുണ്ട്. പക്ഷേ അവിടെ സമാധാനമുണ്ടാക്കിത്തരണം. കലാപഭൂമിയാക്കരുത്. ഈ രേഖ അധ്യാപകർക്കുവേണ്ടിയാണെങ്കിൽ ആശ്വാസമായേനേ. ഈ രേഖ രാഷ്ട്രീയം വച്ചുകൊണ്ടാണെങ്കിൽ ഞാൻ നേരത്തെ പറഞ്ഞു, കരിക്കട്ട പോലെയാകും. അപ്പോൾ എൽ.ഡി.എഫ്.-ന് അപജയമേ ഉണ്ടാകൂ. ദയവായി അവിടം കലാപഭൂമിയാക്കരുത്. കൃഷി-ധനമന്ത്രാലയത്തിലെ ഐ.എ.എസ്. കാരും യൂണിവേഴ്സിറ്റിയിലെ ഡെപ്യൂട്ടിമാരും അധ്യാപക സമൂഹത്തോട് പ്രതികാരം തീർക്കുന്നു എന്നാണ് പറയുന്നത്. അങ്ങനെയൊരു സംഭവമില്ല. നിങ്ങൾ ഒരു കാര്യം നോക്കിയാൽ മതി. എന്റെ കയ്യിലുള്ളത് 2005, ജൂൺ മാസം 22-ലെ മാതൃഭൂമി പത്രമാണ്. ആ മാതൃഭൂമി പത്രത്തിൽ എന്താണ് എഴുതിയിരിക്കുന്നത്? കാർഷിക യൂണിവേഴ്സിറ്റി ക്രമക്കേട്, 40 കോടി രൂപയുടേത്. ഇതു എന്നത്തേതാണെന്നറിയാമോ? ഇതു 1998-2002 കാലഘട്ടത്തിലേതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് നടത്തിയ ക്രമക്കേടുകൾ. ഇതന്വേഷിച്ച കീഴുദ്യോഗസ്ഥരെയല്ല, ഇതു നടത്തിയ ഉദ്യോഗസ്ഥർ ആരാണെന്ന് മാതൃഭൂമി വായിച്ചുനോക്കണം. നിങ്ങളുടെ കാലത്ത് ഉദ്യോഗസ്ഥർ നടത്തിയ ക്രമക്കേടുകൾ ഇതിൽ കൊടുത്തിരിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ഇതിനു നിങ്ങൾ ഇപ്പോഴും വിമർശിക്കുന്നതു എ.പി.സി.യേയും, ഫിനാൻസിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയേയുമാണ്. അവർ ഒരു കുറ്റവും ചെയ്തിട്ടില്ല. കുറ്റം ചെയ്തതെല്ലാം നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ്. നിങ്ങളുടെ കാലത്തെ ഉദ്യോഗസ്ഥരാണ് അതു ചെയ്തത്. ആ ഉദ്യോഗസ്ഥരെ പിടികൂടുന്നതിനുപകരം ഇപ്പോഴത്തെ എ.പി.സി.യെയും ഫിനാൻസിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയേയും പിടികൂടുന്നതിൽ അല്പവും കഴമ്പില്ല. ഇവിടെ തരംതാഴ്ത്തൽ എന്നു പറയുന്നുണ്ടല്ലോ? ഈ തരംതാഴ്ത്തൽ എന്നു പറയുന്ന ആദ്യത്തെ ഉത്തരവ് എന്റെ സുഹൃത്ത് ശ്രീ. മത്തായി ചാക്കോ കാണാതെ പോയി. ആദ്യത്തെ ഉത്തരവിൽ പറഞ്ഞിട്ടുള്ളത് വർക്കു ലോഡ് നോക്കണം. സ്റ്റാഫ് സ്ട്രെങ്ത് റീ ഫിക്സ് ചെയ്യണം, അങ്ങനെ ചെയ്തെങ്കിൽ മാത്രമേ മുന്നോട്ടു പോകാൻ ഞങ്ങൾ അനുവദിക്കുകയുള്ളൂ എന്നാണ് 4-4-1998-ൽ രജിസ്ട്രാർക്ക്, അഗ്രിക്കൾച്ചർ ഫാംസ് ഡിപ്പാർട്ടുമെന്റ് സെക്രട്ടറി അയച്ച കത്തിൽ പറയുന്നത്. അന്നത്തെ കൃഷി മന്ത്രി, നിങ്ങളുടെ നേതാവ്, അവർ നിർബന്ധിച്ച കാര്യങ്ങൾ നടത്തിയതിൽ തെറ്റുകൾ ഉണ്ടെങ്കിൽ അതെല്ലാം മാറ്റി പരിഹരിക്കാൻ തയ്യാറായിട്ടു ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. നിങ്ങൾ ഇപ്പോൾ എന്താണ് ചെയ്യുന്നത്? ധനകാര്യമന്ത്രിയാണ് ഈ ദുരവസ്ഥയ്ക്കു കാരണമെന്ന് ഈ പുസ്തകത്തിൽ എഴുതി പിടിപ്പിച്ചിരിക്കുകയാണ്. ശ്രീ. ടി. ശിവദാസമേനോൻ മന്ത്രിയായിരിക്കുമ്പോൾ, കൃഷ്ണൻ കണിയാംപറമ്പിൽ മന്ത്രിയായിരിക്കുമ്പോൾ, അദ്ദേഹത്തിന് എഴുതിയ ഒരു കത്ത്. അതിലെ ആദ്യത്തെ കാര്യം എന്താണെന്നറിയാമോ? യു.ജി.സി. സ്കീം അതിന്റെ പാക്കേജ് സ്വീകരിച്ചില്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

It cannot be agreed to payment eligible arrears. I totally disagree with any attempt to dilute or disregard the academic requirements of the scheme. ശ്രീ. ടി. ശിവദാസമേനോൻ എഴുതിയിട്ടുള്ളതാണ്. Norms promotion... It may be taken separately extending benefit of career advancement. അതിനെപ്പറ്റി എന്താണ് പറഞ്ഞതെന്നറിയാമോ? ശ്രീ. ടി. ശിവദാസമേനോൻ പറഞ്ഞിരിക്കുകയാണ്, Finance Department would not agree with any dilution of the academic requirements specified in the UGC Scheme. അതുകൊണ്ടും തീർന്നിട്ടില്ല. ശ്രീ.ടി. ശിവദാസമേനോൻ തന്നെ എഴുതിയിരിക്കുകയാണ് Finance Department... that the career advancement Scheme with screening should be implemented strictly with effect from '94. ഡേറ്റ് കാണിച്ചിരിക്കുകയാണ്. ഈ കാര്യങ്ങളിൽ നിന്നും വിട്ടൊന്നും നിങ്ങൾ ധനകാര്യമന്ത്രിയോടു കളിക്കണ്ട. ഇത്രയേറെ പ്രാഗത്ഭ്യമുള്ള പാർലമെന്റേറിയൻ, മന്ത്രി, സ്പീക്കർ എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം, യു.ഡി.എഫ്.-ലെ ഏറ്റവും പ്രഗൽഭനാണ്. പണ്ട് നിങ്ങൾക്കു പറ്റിയ തെറ്റുകൾ ഇപ്പോൾ ചൂണ്ടിക്കാണിച്ചപ്പോൾ, പഴയ കാര്യങ്ങൾ തിരിച്ചടിച്ചിരിക്കുന്നു എന്നു മനസ്സിലാക്കിയിട്ടു നിങ്ങൾ പറയുന്നതു ശരിയല്ല. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇത് അടച്ചുപൂട്ടാൻ പോകുന്നുയെന്നുപറഞ്ഞ് ഇതിൽ എഴുതിയിരിക്കുകയാണ്. എന്തൊരു കഷ്ടമാണ്. ഇത് അടച്ചുപൂട്ടാനുള്ള സമരം നിങ്ങൾ നടത്താതിരുന്നാൽ മതി. യൂണിവേഴ്സിറ്റിക്കെതിരായുള്ള സമരം നടത്തരുതെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്. 2001 മാർച്ച് മാസത്തിന്റെ ആരംഭത്തിൽ നിങ്ങളുടെ ഗവൺമെന്റ്, അന്ന് ഞങ്ങൾ പ്രതിപക്ഷത്തായിരുന്നു, അന്നത്തെ കൃഷിവകുപ്പ് സെക്രട്ടറി രജിസ്ട്രാർക്ക് അയച്ചിട്ടുള്ള കത്തിൽ പറഞ്ഞിരിക്കുന്നത് Hence, promotions if any made, based on a statute to come should be cancelled immediately എന്നാണ്. വരാനിരിക്കുന്ന ഒരു അംഗീകാരത്തിന്റെ, സ്റ്റാറ്റ്യൂട്ടുവച്ചുകൊടുത്തിട്ടുള്ള എല്ലാ പ്രമോഷനുകളും കാൻസൽ ചെയ്യണമെന്നാണ്. ഇപ്പോഴത്തെ കൃഷിവകുപ്പുമന്ത്രി യൂണിവേഴ്സിറ്റികളോടും അദ്ധ്യാപകരോടും ഒരു തെറ്റും ചെയ്തിട്ടില്ല. നിങ്ങൾ പറയുന്നത് കൃഷി വകുപ്പുമന്ത്രി അടച്ചുപൂട്ടാൻ പറയുന്നുവെന്നാണ്. ഇപ്പോഴത്തെ പരിചയസമ്പന്നയായ കൃഷിവകുപ്പ് മന്ത്രിയെ നേരിടാൻ ഒരു വ്യാഴവട്ടക്കാലംകൂടി നിങ്ങൾ ജീവിച്ചിരിക്കേണ്ടിവരുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് നിങ്ങൾ ഈ കാര്യത്തിൽ എടുത്തിട്ടുള്ള നിലപാടുകളിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഞാൻ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

ശ്രീ. വി. ഡി. സതീശൻ : ഈ നിയമസഭയുടെ പി.എ.സി. കമ്മിറ്റിയിൽ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചെയർമാനായിട്ടുള്ള പി.എ.സി.-യുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് The Committee sought explanation for the extraordinary action in granting higher scales to Assistant Professors overlooking the requirement of minimum qualifying service said by the ICAR. The Secretary, Agriculture admitted that there was violation of norms in this regard. The committee opined that the ICAR directing to rescind the related Government Orders of July 1996 should be abided. എന്നാണ്. ഇത് അങ്ങേയ്ക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ജോർജ്ജ് : ഞാൻ അത് ഇതിന്റെ ക്ലൈമാക്സിൽ പറയാൻ വച്ചിരുന്നതാണ്. എന്നാൽ ഇപ്പോൾതന്നെ പറയാം. എന്റെ കൈയിൽ പി.എ.സി. റിപ്പോർട്ടുണ്ട്. ആ യോഗത്തിൽ ഞാനുമുണ്ടായിരുന്നു. അന്ന് ഞാൻ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയോടും ശ്രീ. കെ. രാധാകൃഷ്ണനോടും ശ്രീ. കെ.പി. രാജേന്ദ്രനോടും ശ്രീ. എ.സി. ഷൺമുഖദാസിനോടും കണ്ണീരൊഴുക്കിക്കൊണ്ട് ആവശ്യപ്പെട്ടതാണ്. നിങ്ങൾ ഈ യൂണിവേഴ്സിറ്റിയെ എതിർക്കല്ലേ, നിങ്ങൾ അദ്ധ്യാപകരോട് എതിര് കാണിക്കല്ലേയെന്ന് ഞാൻ ഇവരോടൊക്കെ ആവശ്യപ്പെട്ടതാണ്. അവർക്ക് ഈ റിപ്പോർട്ടുവച്ച് ആക്ഷൻ എടുക്കാൻ നിർബന്ധമായിരുന്നു. UGC/ICR norms അനുസരിച്ച് പോകണമെന്നുപറയുന്ന പേജുകളുണ്ട്. ഞാൻ അതത്രയും വായിക്കുന്നില്ല. Unjustified UGC Promotions എന്നു പറയാൻ, Excess teaching staff എന്നു പറയാൻ, അന്ന് അതിന്റെ ചെയർമാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനായിരുന്നു. അവരോടെല്ലാം ഈ കാര്യങ്ങൾ ആവശ്യപ്പെട്ടപ്പോൾ ഒരു കാര്യം ഞാൻ നോട്ട് ചെയ്തു അന്ന് ശ്രീ. കെ. പി. രാജേന്ദ്രൻ അധികം എന്നെ എതിർത്തില്ല. ഒടുവിലായപ്പോൾ അദ്ദേഹവും അവരോടൊപ്പം നിന്നു. അത് അദ്ദേഹം ചേർപ്പ് എം.എൽ.എ. ആയതുകൊണ്ടായിരിക്കും. Unjustified granting selection grade... ഇതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചൊക്കെ, പി.എ.സി. റിപ്പോർട്ടിൽ അദ്ധ്യാപകർക്കെതിരെ, യൂണിവേഴ്സിറ്റിക്കെതിരെ തീരുമാനമെടുത്തത് നിങ്ങളും നിങ്ങളുടെ പാർട്ടിയുംകൂടി കൂട്ടുനിന്നിട്ടാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും സുപ്രധാനമായ ഒരു സ്ഥാപനമാണിത്. ആ സ്ഥാപനത്തെ തകർക്കരുത്. ശ്രീ. മത്തായി ചാക്കോ ഇവിടെ പറഞ്ഞല്ലോ തകർക്കരുതെന്ന്. നിങ്ങളാണ് അന്ന് ആധികാരികമായി ചെയ്യേണ്ടിയിരുന്നത്. അതുകൊണ്ട് പ്രതിപക്ഷനേതാവ് അവിടെ എത്ര പ്രാവശ്യം വരുന്നതിലും എനിക്ക് സന്തോഷമേയുള്ളു. അവിടത്തെ എം.എൽ.എ. എന്ന നിലയ്ക്ക് പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും ഞാൻ എം.എൽ.എ. ഫണ്ടുപയോഗിച്ച് ചെയ്തിട്ടുണ്ട്. ഇതിൽ പോരായ്മകളുണ്ടെങ്കിൽ ഗവൺമെന്റ് ശരിയാക്കിത്തരും. ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും എല്ലാം ഇതിൽ ഇടപെട്ടിട്ടുണ്ട്. അതുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും. അദ്ധ്യാപകരെ ദ്രോഹിക്കുന്ന ഒരു പ്രശ്നവുമുണ്ടാകില്ലെന്നുപറയാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്.

ശ്രീ. മത്തായി ചാക്കോ : ശ്രീ. പി. പി. ജോർജ്ജ് ഇപ്പോൾ ഇതിന്റെ ഭരണസമിതിയിലുള്ള ആളാണ്. നേരത്തെയുള്ള ഭരണസമിതിയിലില്ലായിരുന്നു. പത്ത് ഇരുപത്തിയേഴ് വർഷം പഠിപ്പിച്ചിട്ടുള്ള ഒരു അദ്ധ്യാപകനെ സെലക്ഷൻ ഗ്രേഡിലേക്ക് തിരികെ പറഞ്ഞയയ്ക്കുകയെന്നുള്ളത് ഏത് സർവ്വീസ് നിയമത്തിന്റെ ഭാഗമാണെന്ന് മനസ്സിലാക്കിത്തരണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ജോർജ്ജ് : എന്റെ കൈയിൽ ഇരിക്കുന്ന പേപ്പർ ഞാൻ ശ്രീ. മത്തായി ചാക്കോയ്ക്ക് കാണിച്ചുതരാം. ആളുടെ പേര് ഞാൻ പറയുന്നില്ല. എന്റെ സ്നേഹിതനാണ്. അദ്ദേഹത്തിന് 1-1-1986-ൽ 4500 രൂപ, 1-1-1994-ൽ 17,300 രൂപ 16-12-1999-ൽ 19,000 രൂപ ഒരു തീരുമാനവും അംഗീകരിക്കാതെ ഒരു ഗവൺമെന്റ് നിർദ്ദേശവും സ്വീകരിക്കാതെ നിങ്ങളുടെ ഭൂരിപക്ഷത്തിലുള്ള എക്സിക്യൂട്ടീവിൽവച്ച് രേഖകൾ പാസ്സാക്കിയെടുത്ത് അദ്ധ്യാപകരെ ദ്രോഹിക്കുന്ന പ്രവർത്തനങ്ങൾ നിങ്ങളാണ് ചെയ്തത് ശ്രീ. മത്തായി ചാക്കോ.

ശ്രീ. എം. കുമാരൻ : സർ, ബഹുമാനപ്പെട്ട പി.പി. ജോർജ്ജ് ഇവിടെ പറഞ്ഞ കാര്യങ്ങൾക്കൊന്നും മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്തുതന്നെയായാലും കേരളത്തിലെ കാർഷിക സർവ്വകലാശാലകൾ ഇന്ന് തകർച്ചയെ നേരിടുന്നുണ്ട്. ഇപ്പോൾ അദ്ദേഹം പറഞ്ഞത് കേരളത്തിലെ കാർഷിക സർവ്വകലാശാലകളെ തകർച്ചയിലേക്ക് എത്തിച്ചത് കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റും ഇടതുപക്ഷ പ്രസ്ഥാനങ്ങളുമാണെന്നാണ്. എന്നാൽ ഞാൻ ഈ കാര്യങ്ങൾക്ക് മാഷിനോട് മറുപടിപറയാൻ യോഗ്യനല്ലെന്നു മാത്രമേ ഇപ്പോൾ പറയുന്നുള്ളൂ. എന്റെ നാട്ടിൽ ഒരു കാർഷിക കോളേജുണ്ട്. പടന്നക്കാട് കാർഷികകോളേജ്. ശ്രീ. പി. പി. ജോർജ്ജ് പ്രസംഗിച്ചപ്പോൾ അത് അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നില്ല, പാട്ടത്തിന് കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല എന്നൊക്കെ പറഞ്ഞു. എന്നാൽ ആ കാർഷികകോളേജ് അടച്ചുപൂട്ടുമോയെന്നുള്ള സംശയമാണ് ആ നാട്ടിലെ ജനങ്ങൾക്കുള്ളത്. ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ നിർദ്ദേശപ്രകാരമാണ് യൂണിവേഴ്സിറ്റികൾക്ക് അംഗീകാരം നൽകുന്നത്. എന്റെ മണ്ഡലത്തിലുള്ള പടന്നക്കാട് കാർഷിക കോളേജിൽ 69 അദ്ധ്യാപക തസ്തികകൾ വേണം. 69 അദ്ധ്യാപക തസ്തികകൾ ഉണ്ടെങ്കിൽ മാത്രമേ ബി.എസ്.സി അഗ്രിക്കൾച്ചർ പ്രോഗ്രാം അംഗീകരിക്കൂ. ഇന്നത്തെയവസ്ഥയനുസരിച്ച് 69 അദ്ധ്യാപകർ വേണ്ടിടത്ത് 16 അദ്ധ്യാപകർ മാത്രമേയുള്ളൂ. ഈ കോളേജിൽ പഠിച്ചുപോയവർക്ക് ഏകദേശം 10 വർഷം മുൻപ് ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ ഉന്നത ബിരുദങ്ങൾ ലഭിച്ചിട്ടുണ്ട്. അതുപോലെ യു.ജി.സി. നിർദ്ദേശ പ്രകാരം ഈ കാർഷിക കോളേജിൽ 12 പ്രൊഫസർമാരാണ് വേണ്ടത്. എന്നാൽ പ്രൊഫസർമാരില്ലാത്ത ഒരേയൊരു കാർഷിക സർവ്വകലാശാലയാണ് പടന്നക്കാടുള്ളത്. ഇവിടെ 12 പ്രൊഫസർമാർ വേണം. 16 അസിസ്റ്റന്റ് പ്രൊഫസർമാർ വേണം. അതുപോലെ അസോസിയേറ്റ് പ്രൊഫസർമാർ ആറെണ്ണം മാത്രമാണുള്ളത്. ആരോഗ്യശാസ്ത്രം, സോഷ്യൽ സയൻസ്, ബയോടെക്നോളജി, കമ്പ്യൂട്ടർ സയൻസ്, ഹോംസയൻസ് എന്നീ സെക്ഷനുകൾ അടച്ചുപൂട്ടപ്പെട്ടു. ഇതൊക്കെ പറയുമ്പോൾ ഇടതുപക്ഷഭരണക്കാർ ചെയ്തതാണെന്നു പറയും. എന്തുതന്നെയായാലും കാർഷികകോളേജുകളെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. പടന്നക്കാട് കാർഷികകോളേജിന്റെ മറ്റൊരു അവസ്ഥ പറയുകയാണ്. ആ കാർഷികകോളേജ് സ്ഥാനക്കയറ്റം അല്ലെങ്കിൽ സെലക്ഷൻ വാങ്ങാനുള്ള ഒരു കോളേജ് ആയി മാറിയിരിക്കുന്നു. ഫസ്റ്റ് സെമസ്റ്റർ കഴിഞ്ഞതിനുശേഷം അവിടെനിന്നും കുട്ടികൾ മാറും. അതുപോലെ തന്നെ അദ്ധ്യാപകർ 5 വർഷത്തെ ബോണ്ട് വച്ചിട്ടാണ് അവിടെ ചേരുന്നത്. എന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

രണ്ടോമൂന്നോ മാസം കഴിയുമ്പോൾ അവിടെനിന്നും പിൻവാങ്ങി പോകുന്നു. അതുകൊണ്ട് അദ്ധ്യാപകരുടെ ക്ഷാമം നേരിടുന്നു എന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം നിലനിൽക്കുകയാണ്. അതുപോലെ അവിടെയുള്ള പ്രധാനപ്പെട്ട അദ്ധ്യാപകർ വർക്കിംഗ് അറേഞ്ചുമെന്റിൽ അവിടെനിന്നും മാറുകയാണ്. അതിന് ഒരു പരിഹാരം കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ കോളേജ് അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നു എന്ന് ഇവിടെ പറയുകയുണ്ടായി. എല്ലാവിധ സൗകര്യങ്ങളും വച്ചു കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. പടന്നക്കാട് നിലനിർത്തണം എന്ന് മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, കേരള കാർഷിക സർവ്വകലാശാലയുടെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇത്തരത്തിലുള്ള ഒരു തുറന്ന ചർച്ചയ്ക്ക് ഈ സഭയിൽ സമയം കണ്ടെത്തിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും അതുപോലെ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയെയും ഈ ഗവൺമെന്റിനെയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. കാർഷിക സർവ്വകലാശാലയുടെ ഇന്നത്തെ പോരായ്മകൾക്കെല്ലാം കാരണം ഈ ഗവൺമെന്റല്ല. ശ്രീ. പി.പി. ജോർജ്ജ് ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അതിന്റെ പ്രവർത്തനം ശരിയായ രീതിയിൽ നടത്താത്തതുകാരണമാണ് ഈ രീതിയിലേക്ക് എത്തിയത്. 1972-ൽ സ്ഥാപിതമായ കേരള കാർഷിക സർവ്വകലാശാല ഇന്ന് ദേശീയതലത്തിൽ തന്നെ അംഗീകാരം ലഭിച്ച ഒരു സർവ്വകലാശാലയാണ്. ഇന്ത്യയിലെ ഏറ്റവും നല്ല കാർഷിക സർവ്വകലാശാല എന്ന നിലയിൽ സർദാർ പട്ടേൽ അവാർഡ് ലഭിച്ച ഒരു സർവ്വകലാശാല കൂടിയാണ്. ഈ സ്ഥാപനത്തിന്റെ കീഴിൽ 4700 ഏക്കർ ഭൂമിയുണ്ട്. ഏതാണ്ട് 35-ഓളം യൂണിവേഴ്സിറ്റി സെന്ററുകളും 600-ഓളം അദ്ധ്യാപകരും 1500-ഓളം കർഷകത്തൊഴിലാളികളും ഇന്ന് ഈ യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുകയാണ്. കാർഷിക വികസനത്തിനുള്ള ഗവേഷണവും അതുപോലെ തന്നെ ഉൽപ്പാദനക്ഷമതയുമാണ് ഈ സർവ്വകലാശാലയുടെ മുഖ്യലക്ഷ്യം. അത് കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായിട്ടുള്ള നടപടി തീർച്ചയായിട്ടും സ്വീകരിക്കേണ്ടതാണ്. നമ്മുടെ കേരളം ഒരു കാർഷിക മേഖലയാണ്. വലിയ ഒരു വിഭാഗം ചെറുകിട കർഷകർ തൊഴിലുമായിട്ട് ബന്ധപ്പെട്ട് കഴിയുന്നവരാണ്. അതുകൊണ്ടു തന്നെ ഈ സ്ഥാപനത്തിന്റെ സേവനം തീർച്ചയായിട്ടും നല്ലതാണ്. അതുകൊണ്ട് ഈ സ്ഥാപനത്തെ ഉയർത്തിയെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അനോമലി റാറ്റിഫിക്കേഷന്റെ പേരിൽ ഏതാണ്ട് 500-ലേറെ അധ്യാപകരെ തരംതാഴ്ത്തിയതായി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എത്രയും വേഗത്തിൽ അതിന്റെ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കാനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അതുപോലെ തന്നെ 500-ഓളം അദ്ധ്യാപകരുടെ ശമ്പളം UGC നിരക്കിൽ കൊടുത്തുകൊണ്ടിരുന്നത് വെട്ടിക്കുറച്ചതും എങ്ങനെ പരിഹരിക്കാൻ കഴിയും എന്നതിനെ സംബന്ധിച്ച് ആലോചിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് പത്ത് വർഷം മുൻപാണ് കാസർകോട്ട് പടന്നക്കാട് കാർഷിക കോളേജ് ആരംഭിച്ചത്. ഇന്ന് ആ കാർഷിക കോളേജ് ഒട്ടേറെ പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. എല്ലാ രംഗത്തും കാസർഗോഡിനെ അവഗണിക്കുകയാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും രാഷ്ട്രീയം മറന്നുകൊണ്ട് കാസർഗോഡ് ജില്ലയിലെ ജനപ്രതിനിധികളുമായിട്ട് കാർഷിക കോളേജിലെ പ്രശ്നങ്ങൾ സംസാരിക്കുകയുണ്ടായി. വളരെ നല്ല നിലയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതുപോലെ തന്നെ കൃഷി വകുപ്പുമന്ത്രിയും ഞങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും അതിന് അടിയന്തിരമായി പരിഹാരം കാണാനും ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകിയത് ഞങ്ങൾക്ക് വളരെയേറെ പ്രതീക്ഷയുണ്ട്. എത്രയും വേഗത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അതിന് ആവശ്യമായ നടപടിയുണ്ടാകണം. ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടെങ്കിലും സമയ പരിമിതികൊണ്ട് അതിലേക്കൊന്നും ഞാൻ പോകുന്നില്ല. . പടന്നക്കാട് കാർഷിക കോളേജിൽ ഏഴ് ബാച്ച് വിദ്യാർത്ഥികൾ വിജയകരമായി കാർഷികപഠന ബിരുദം പൂർത്തിയാക്കി കഴിഞ്ഞിരിക്കുകയാണ്. അതിൽ മൂന്നുപേർ ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ ഉന്നത സിവിൽ സർവ്വീസ് മേഖലയിലും പലരും ഉന്നതതല മാനേജുമെന്റ് തലത്തിലും ഗവേഷണ മേഖലയിലും കൃഷി വകുപ്പിലും ബാങ്കിംഗ് രംഗത്തും മറ്റുമായി പ്രവർത്തിച്ചു വരുകയാണ്. ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ നടത്തുന്ന JRF പരീക്ഷയിൽ ഒന്നാം റാങ്ക് അടക്കം നിരവധി സ്ഥാനങ്ങൾ നേടുവാൻ ഈ കോളേജിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്. കാർഷിക ബിരുദ പഠനത്തിൽ പലതവണ സർവ്വകലാശാലയുടെ 1-ാം റാങ്ക് ഈ കോളേജിലെ വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ട്. ഉത്തര കേരളത്തിലെ പ്രസ്തുത സ്ഥാപനം ഗവേഷണങ്ങൾ നടത്തുന്നതിനും അതുപോലെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനും നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നുണ്ട്. കാസർഗോഡ് സ്ഥിതിചെയ്യുന്ന ഈ സ്ഥാപനം ഇന്ന് അദ്ധ്യാപകരുടെ ക്ഷാമംകൊണ്ടും മറ്റു കാരണങ്ങൾകൊണ്ടും അടച്ചുപൂട്ടൽ പ്രതിസന്ധി വരെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിന് ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. വർഷംതോറും ചെലവാക്കുന്ന തുകയുടെ 10 ശതമാനം മാത്രമാണ് വടക്കേ മലബാറിലെ ഈ സ്റ്റേഷനുകൾക്ക് ലഭിക്കുന്നത്. അതുകാരണം പ്രവർത്തനം നല്ല നിലയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിന് കഴിയുന്നില്ല. അതിന് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ നിബന്ധനപ്രകാരം ബി.എസ്സി. അഗ്രിക്കൾച്ചർ പ്രോഗ്രാം ആരംഭിക്കാൻ അദ്ധ്യാപകരെ മറ്റു പല കേന്ദ്രങ്ങളിൽനിന്നും മാറ്റിക്കൊണ്ടുവന്നു. മുപ്പത്, മുപ്പത്തിയഞ്ച് തസ്തികകൾ ഉപയോഗിച്ചാണ് കോളേജിന്റെ പ്രവർത്തനമാരംഭിച്ചത്. സാമ്പത്തികപ്രതിസന്ധികൾ കണക്കിലെടുത്തുകൊണ്ട് അത്യാവശ്യമായി കോളേജ് നടത്തിക്കൊണ്ടുപോകാൻ ആവശ്യമായ 33 തസ്തികകൾകൂടി അനുവദിക്കുകയുണ്ടായി. ഇങ്ങനെ മാറ്റിക്കൊണ്ടു വന്ന 31 തസ്തികകളും

LIBRARY ARCHIVES Kerala Legislative Assembly

പുതിയതായി സൃഷ്ടിച്ച 33 തസ്തികകളും കൂടി 64 തസ്തികകൾ ഉണ്ടാക്കിയാണ് ഇവിടെ കോളേജ് ആരംഭിക്കാൻ കഴിഞ്ഞത്. ഇപ്പോൾ പലരും സൗകര്യസ്ഥലത്തേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ 16 അദ്ധ്യാപകർ മാത്രമാണുള്ളത്. അദ്ധ്യാപകരില്ലാത്തതുകാരണം സസ്യശാസ്ത്രം അടക്കം നിരവധി വകുപ്പുകൾ അടച്ചു. നിലവിലുള്ള മറ്റ് വകുപ്പുകളിൽ രണ്ട് അദ്ധ്യാപകർ മാത്രമേയുള്ളൂ. ഉള്ളവരെ തന്നെ വർക്കിംഗ് അറേഞ്ച്മെന്റ് എന്ന പേരിൽ മറ്റ് സ്റ്റേഷനുകളിൽ നിയമിക്കുന്നു. അതോടൊപ്പം ബയോടെക്നോളജിയിലെ അസിസ്റ്റന്റ് പ്രൊഫസറെ വെള്ളായണി കാർഷിക കോളേജിൽ വർക്കിംഗ് അറേഞ്ചുമെന്റിൽ വയ്ക്കുകയുണ്ടായി. 12 പ്രൊഫസർ പോസ്റ്റ് അനുവദിച്ചതിൽ ഒരാൾപോലും ഇല്ല. 16 അസോസിയേറ്റ് പ്രൊഫസർ അനുവദിച്ചതിൽ 6 പേർ മാത്രമാണുള്ളത്. 36 അസിസ്റ്റന്റ് പ്രൊഫസറുടെ പോസ്റ്റ് അനുവദിച്ചതിൽ ഇപ്പോൾ 10 പേരാണ് ഉള്ളത്. മറ്റ് നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ ഒഴിവുകളും നിരവധിയുണ്ട്. ഇതുകാരണം കോളേജിന്റെ വികസനപ്രവർത്തനങ്ങൾ തടസ്സപ്പെട്ടുകൊണ്ടിരിക്കുകയാണ്. സെയിൽസ് കൗണ്ടറിൽ നടീൽ വസ്തുക്കൾ ഇല്ലാതെ ഇപ്പോൾ ഒഴിഞ്ഞു കിടക്കുകയാണ്. അതുപോലെ താമസ സൗകര്യമില്ല. ഫ്ളാറ്റ് കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കാൻ കഴിയാതെ അനിശ്ചിതത്വത്തിൽ കിടക്കുകയാണ്. ലൈബ്രറിക്ക് ആവശ്യമായ പുസ്തകങ്ങളില്ല. അതുകൊണ്ട് മേൽപ്പറഞ്ഞ പോരായ്മകൾ പരിഹരിക്കാനും പി.ജി.കോഴ്സ് ആരംഭിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് കൃഷി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, 1972-ൽ ആരംഭിച്ച കേരള കാർഷിക സർവ്വകലാശാല ഇന്ത്യയിലെ ഒന്നാമത്തെ കാർഷിക സർവ്വകലാശാലയാണ്. ഓരോ പ്രദേശത്തിനും അനുയോജ്യമായ കൃഷി രീതികൾ, യോജിച്ച വിത്തിനങ്ങൾ, വളപ്രയോഗം, കീടരോഗ നിയന്ത്രണം, ജലസേചനം തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണം നടത്താനും അത് കർഷകർക്ക് എത്തിച്ചുകൊടുക്കാനും ഒക്കെ വേണ്ടിയുള്ള വളരെ നല്ല നിലയിലുള്ള ഉദ്ദേശത്തോടുകൂടി ആരംഭിക്കുകയും കുറേയധികം കാര്യങ്ങൾ ചെയ്യാൻ കഴിയുകയും ചെയ്തിട്ടുള്ള ഒരു യൂണിവേഴ്സിറ്റിയാണിത്. 5 കോളേജുകളാണ് ഈ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളത്.....കൂടാതെ എഞ്ചിനീയറിംഗ് ഫാക്കൽറ്റിക്കുവേണ്ടിയും ഫിഷറീസിനുവേണ്ടിയും 32 ഗവേഷണ കേന്ദ്രങ്ങളും ഈ യൂണിവേഴ്സിറ്റിയുടെ കീഴിൽ നടക്കുകയാണ്. പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ പ്രത്യേകിച്ച്, കാർഷിക മേഖലയിൽ ലോകവ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് വളരെയധികം ഗവേഷണങ്ങൾ നടക്കുകയും പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുകയും അത് കർഷകരിൽ എത്തിക്കാൻ കഴിയുകയും ചെയ്തിട്ടുണ്ട്. എങ്കിലും കുറേ പോരായ്മകളിലൂടെ കടന്നുപോകുന്ന ഒരു യൂണിവേഴ്സിറ്റിയാണിത്. ഈ യൂണിവേഴ്സിറ്റിയുടെ പോരായ്മയ്ക്കുള്ള കാരണങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞപ്പോൾ 650 ഓളം അധ്യാപകരുള്ള യൂണിവേഴ്സിറ്റി, 3000-ത്തോളം വിദ്യാർത്ഥികളുള്ള യൂണിവേഴ്സിറ്റി അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ഏതാണ്ട് 1500 ഓളം തൊഴിലാളികൾ ഉള്ള യൂണിവേഴ്സിറ്റി, ഏക്കർ കണക്കിന് കാംപസ് ഉള്ള യൂണിവേഴ്സിറ്റി. ഈ യൂണിവേഴ്സിറ്റിയിൽ ഇത്രമാത്രം സൗകര്യം ഉണ്ടായിട്ടും എന്തുകൊണ്ടാണ് ഇത് പിറകോട്ട് പോയത്. അനാവശ്യമായ politicalisation, (രാഷ്ട്രീയവൽക്കരണം) എല്ലാ മേഖലകളിലും മേലെ എത്താനുള്ള ശ്രമങ്ങൾ നടത്തുന്നു എന്നുള്ളതും അതുപോലെ സമരങ്ങൾ നടത്തുന്ന അധ്യാപകർ ഒപ്പിട്ടതിനുശേഷം സമരങ്ങൾ നടത്തുക എന്നത് മറ്റെങ്ങും കാണാത്ത ഒരു സ്ഥിതിവിശേഷമാണ്. അധ്യാപകൻമാരും ശാസ്ത്രജ്ഞൻമാരും തമ്മിൽ ഐക്യത്തോടെ പ്രവർത്തിക്കാതിരിക്കുക ഇതൊക്കെ യൂണിവേഴ്സിറ്റിയുടെ തകർച്ചയ്ക്ക് ഇടയാക്കുന്ന കാര്യങ്ങളാണ്. പക്ഷെ, എങ്കിൽപ്പോലും, ഇവിടെ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ, ഈ യൂണിവേഴ്സിറ്റിയുടെ പല ഗവേഷണ സ്ഥലങ്ങളും കാംപസുകളും സ്വകാര്യ വ്യക്തികൾക്ക് വിൽക്കാൻ പോകുന്നു എന്ന് പറഞ്ഞിട്ടുള്ളതും അതുപോലെതന്നെ ഇവിടെ ഈ യൂണിവേഴ്സിറ്റിയുമായിട്ട് ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന 500 ഓളം ശാസ്ത്രജ്ഞൻമാരെ തരംതാഴ്ത്തി എന്നുള്ള ആ പ്രമേയവും അതിനെ സംബന്ധിച്ച് പ്രിയപ്പെട്ട ജോർജ്ജ് മാഷ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇങ്ങനെ ഒരു സാഹചര്യം എന്തുകൊണ്ടാണ് ഉണ്ടായത്? 1997-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ യു.ജി.സി. പാക്കേജ് ഇംപ്ലിമെന്റ് ചെയ്തപ്പോൾ ഒരു വൻ തുക അധികശമ്പളമായി ഇവർക്ക് നൽകുകയുണ്ടായി. അങ്ങനെ വളരെ അവിഹിതമായി നൽകിയ ശമ്പളം തിരിച്ചുപിടിക്കേണ്ട ഒരു ബാദ്ധ്യത ഈ ഗവൺമെന്റിനുണ്ടായി. അതാണ് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. അങ്ങനെ ചെയ്തപ്പോൾ കുറേ പണം വാങ്ങിയ ആളുകളിൽനിന്ന് തിരികെ വാങ്ങാനുള്ള ഓർഡർ ഇടേണ്ടിവരികയും കുറേ ആളുകളെ തരംതാഴ്ത്തുകയും ചെയ്യേണ്ടിവന്നു. അങ്ങനെ ചെയ്തില്ല എങ്കിൽ ഈ അധികശമ്പളം വാങ്ങിയ ശാസ്ത്രജ്ഞൻമാർക്കുപോലും നിയമപരമായിട്ട് നിലനിൽക്കാൻ പറ്റാതെ വരും. അവർ റിട്ടയർ ചെയ്താൽ പോലും അങ്ങനെയുള്ള നിയമപരമായ കാര്യങ്ങൾ അവർക്കുനേരെ ഉണ്ടാകേണ്ടി വരും. അപ്പോൾ അങ്ങനെ നിയമാനുസൃതമായിട്ടുള്ള നടപടി സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടാക്കിയത്, ഈ ശാസ്ത്രജ്ഞൻമാരെ ഇങ്ങനെ ഒരു അവസ്ഥയിലേക്ക് കൊണ്ടുചെന്നെത്തിച്ചത് കഴിഞ്ഞ ഗവൺമെന്റാണ്. അത് തുറന്നുസമ്മതിക്കേണ്ട ഒരു സാഹചര്യം വരും എന്നുള്ളത് രേഖകൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലഘട്ടത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി എടുത്ത തീരുമാനം പടന്നക്കാട് കോളേജിനെ സംബന്ധിച്ചിടത്തോളം ശ്രീ. കുമാരനും ബഹുമാന്യനായിട്ടുള്ള സി.ടി. അഹമ്മദ് അലിയും സൂചിപ്പിക്കുകയുണ്ടായി. അവിടെ അദ്ധ്യാപകർ ഇല്ലാതെ വന്നത് എന്തുകൊണ്ടാണ്? 5 വർഷത്തേക്ക് നിർബന്ധമായും ജോലിചെയ്തുകൊള്ളാം എന്ന് സമ്മതിച്ചുകൊണ്ട് അധ്യാപകരെ അവിടെ നിയമിച്ചു. രണ്ടുവർഷം കഴിഞ്ഞപ്പോൾ അവിടത്തെ അധ്യാപകർക്ക് ട്രാൻസ്ഫർ കൊടുത്തു. ആ പോസ്റ്റുകൾ അവിടെ വേക്കന്റായി കിടക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി എടുത്ത തീരുമാനമാണിത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കൊണ്ടാണ് ഈ യൂണിവേഴ്സിറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ തമംതാണത്. എന്തുവന്നാലും നമുക്ക് വരദാനമായി ലഭിച്ചിട്ടുള്ളതും ഇന്ത്യയിലെ ആദ്യത്തെ കാർഷിക മേഖലയിലെ വലിയ ഒരു യൂണിവേഴ്സിറ്റിയായി ഈ യൂണിവേഴ്സിറ്റിയെ നിലനിർത്താൻ വേണ്ടിയുമാണ് ഇക്കാര്യങ്ങൾ ചെയ്തത്. നല്ല ഒരു കോ-ഓർഡിനേഷൻ ശാസ്ത്രജ്ഞൻമാർക്കിടയിൽ, അതുപോലെ മറ്റ് ഉദ്യോഗസ്ഥൻമാർക്കിടയിൽ ഒക്കെ ഉണ്ടാക്കാനുള്ള ഒരു നടപടി സ്വീകരിക്കണം. അതിന് ഗവൺമെന്റ് മുൻകൈയെടുക്കണം എന്ന് ഈ അവസരത്തിൽ പറയാനായിട്ട് ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, നമ്മുടെ കേരളത്തിലെ കർഷകർ എല്ലാം നശിച്ചവരാണ്. ആ കർഷകർക്ക് ഒരു ഉയിർത്തെഴുന്നേൽപ്പുണ്ടാക്കാൻ കേരള സർവ്വകലാശാലാ പ്രവർത്തനം ഉപകരിക്കത്തക്ക രീതിയിൽ ആക്കണം. മറിച്ച് കാർഷിക സർവ്വകലാശാലയെ കുറേ ആളുകൾക്ക് കട്ടുമുടിക്കാനുള്ള ഒരു സർവ്വകലാശാലയാക്കി മാറ്റരുത്. നമ്മുടെ വിത്ത്, നമ്മുടെ ജൈവവൈവിദ്ധ്യം, ഭക്ഷ്യസുരക്ഷ ഇവയൊക്കെ കാക്കുന്നതിന് കാർഷിക ജൈവ സാങ്കേതിക വിദ്യകളുടെ സമർദ്ദ പ്രയോഗത്തിലൂടെ നമ്മുടെ ദരിദ്ര ജനവിഭാഗത്തിന്റെ തൊഴിൽ പ്രതീക്ഷകൾ ഉണ്ടാക്കാൻ വേണ്ടി കൃഷി കുത്തകകൾ നമ്മുടെ നാട് കൊള്ളയടിച്ച് മുടിക്കുന്ന, മുടിച്ചു കഴിയുമ്പോൾ പാവപ്പെട്ട കർഷക ജനവിഭാഗത്തിന് പ്രതീക്ഷയുടെ കച്ചിത്തുരുമ്പ് എങ്കിലും ആകാൻ ഈ സർവ്വകലാശാല കൊണ്ട് സാധിക്കണം. തലമുറകൾ ഇന്ന് കാർഷിക രംഗത്തെ വിസ്മരിച്ചു കൊണ്ടിരിക്കുകയാണ്. കാർഷിക രംഗത്തെ പുതുപുത്തൻ രീതിയിൽ കർഷകർക്ക് എത്തിച്ചുകൊടുക്കാൻ കാർഷിക സർവ്വകലാശാലയുടെ ഗവേഷണങ്ങളിലൂടെയേ സാധിക്കുകയുള്ളൂ. അപ്പോൾ അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്താൻ കാർഷിക സർവ്വകലാശാല കൊണ്ട് സാധിക്കണം. മറ്റു സംസ്ഥാനങ്ങളിൽ കർഷകർക്ക് സഹായകരം ആയിട്ടുള്ളത് ഇത്തരത്തിലുള്ള പ്രവർത്തനങ്ങളാണ്. നമ്മുടെ കാർഷിക സർവ്വകലാശാല ഇന്നും കർഷകർക്കു വേണ്ടിയുള്ളതല്ല എന്ന് തോന്നിപ്പോകുന്നു, മറിച്ച് ആർക്കൊക്കെയോ ഗുണം കിട്ടാൻ ഉള്ള സർവ്വകലാശാല ആയിട്ടാണ് കാണുന്നത്. അതുകൊണ്ട് ഈ കാർഷിക സർവ്വകലാശാലയെ നല്ല നിലയിൽ നടത്തിക്കൊണ്ടുപോകാനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നമ്മുടെ കേരളത്തിന് മാത്രമല്ല ഇന്ത്യാ രാജ്യത്തിനുതന്നെ മാതൃകയാക്കികൊണ്ടും ഒരു സമ്പത്താക്കി മാറ്റാൻ സാധിക്കുന്ന വിധത്തിലുള്ള പ്രവർത്തനം നടത്തണം എന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ: ഇതുപോലെ ഒരു പ്രമേയം ചർച്ചയ്ക്കുവന്നത് എന്തുകൊണ്ടും നന്നായി എന്നാണ് എന്റെ അഭിപ്രായം. ഈ കാർഷിക സർവ്വകലാശാലയിൽ സത്യത്തിൽ, അതിന്റെ ഭരണസമിതി, ജനറൽ
8.00 P.M. കൗൺസിൽ യോഗങ്ങൾ ഒക്കെ കൂടുമ്പോൾ കൃഷിക്കാർ വളരെ ആകാംക്ഷയോടുകൂടി കാത്തിരിക്കും. പക്ഷെ അവിടെ കൃഷിക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ സമയം കിട്ടാറില്ല. അവിടെ നടക്കുന്നതു മുഴുവൻ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ആനുകൂല്യങ്ങളുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടുള്ള കാര്യങ്ങളും അവരുടെ പ്രശ്നങ്ങളും മാത്രം. ഇങ്ങനെ നമുക്ക് മുന്നോട്ടുപോകാൻ കഴിയുമോ, ബഹുമാനപ്പെട്ട കൃഷിമന്ത്രി ഒന്ന് ആലോചിക്കണം. പല മംഗത്തും ഗവേഷണം നടക്കുന്നുണ്ട്. പക്ഷേ, ആ ഗവേഷണത്തിന്റെ ഫലം പുറത്തുവരുന്നില്ല. എന്റെ അറിവിൽപ്പെട്ട ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരട്ടെ, അവിടെ ഗിരിധരൻ എന്നു പറയുന്ന ഒരു ജൂനിയർ യുവശാസ്ത്രജ്ഞൻ കോക്കനട്ടിൽനിന്നും വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കാം എന്ന് കണ്ടുപിടിച്ചു. ധാരാളം സോഫ്റ്റ് ഡ്രിങ്ക്സ്, ഹണി, ചോക്ലേറ്റ്, ബേബി ഫുഡ് തുടങ്ങിയവ. അത് വെളിച്ചം കണ്ടിട്ടില്ല, നമുക്ക് വലിയ വരുമാനം ഉണ്ടാക്കാവുന്ന കാര്യമായിരുന്നു. അങ്ങ് ഒന്ന് അന്വേഷിക്കണം. അതുപോലെ മറ്റൊരു ഉൽപ്പന്നം കേരസുധ. കേരളത്തിൽ എത്രമാത്രം വിറ്റഴിക്കാമായിരുന്ന ഒരു ഉൽപ്പന്നമായിരുന്നു. കൊക്കകോളയ്ക്കും പെപ്സിക്കും ഒക്കെ എതിരായി ഇവിടെ വലിയ പ്രക്ഷോഭം ഉണ്ടായപ്പോൾ ഈ കേരസുധ വ്യാപകമായി മാർക്കറ്റിൽ എത്തിക്കുവാൻ നമുക്ക് കഴിഞ്ഞിരുന്നുവെങ്കിൽ എത്രയോ വരുമാനം ഉണ്ടാക്കാമായിരുന്നു. നമ്മുടെ കാഷ്യൂ ഫാമിന്റെ സ്ഥിതി എന്താ? അവിടെ കശുമാവിൻതൈ ധാരാളമായി ഉണ്ടാക്കുവാനുള്ള സാഹചര്യമുണ്ട്. ഒരു കശുമാവിൻതൈ ഉണ്ടാക്കുവാൻവേണ്ടി യൂണിവേഴ്സിറ്റിക്ക് ചെലവു വരുന്നത് കേവലം രണ്ടു രൂപയാണ്. അത് വിൽക്കുന്നത് 20 രൂപയ്ക്കാണ്. അട്ടപ്പാടിയിലെ അഹാർഡ്സിൽ മാത്രം ഒരു വർഷം ലക്ഷക്കണക്കിന് കാഷ്യൂ തൈകൾ ആവശ്യമാണ്. അവിടെ അത് ഉൽപ്പാദിപ്പിച്ചു കൊടുക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ? ധാരാളം കാഷ്യൂ ലേബറേഴ്സ് അടക്കം തൊഴിലാളികൾ വെറുതേ ഇരിക്കുന്നു, എക്സിക്യൂട്ടീവ് അംഗമായ ബഹുമാന്യനായ പി.പി. ജോർജ് മാഷ് ഉൾപ്പെടെയുള്ള ആളുകൾ പരിശോധിക്കണം. അവിടെ നമുക്ക് കുറേ കാഷ്യൂ തൈകൾ ഉൽപ്പാദിപ്പിക്കാൻ പാടില്ലേ? എന്താണ് അതിന് തടസ്സം? നമുക്ക് ഒരു വലിയ വരുമാനമാർഗ്ഗമാക്കി അതിനെ മാറ്റാമല്ലോ. ആ തൊഴിലാളികൾ വെറുതേയിരിക്കുന്നു. വലിയ സെക്യൂരിറ്റി ശൃംഖലയുണ്ട്, അവിടെ മോഷണം അടിക്കടി ഉണ്ടാകുകയല്ലേ? ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഉൾപ്പെടെയുള്ളവർ ശ്രദ്ധിക്കണം, അവിടെ വാനില മുഴുവൻ മോഷണം പോയിരിക്കുന്നു. ഗവേഷണം നടത്താൻപോലും അടുത്ത പത്തു വർഷത്തേക്ക് ഒരു വാനിലത്തണ്ട് കിട്ടാനില്ല. സെക്യൂരിറ്റി വളരെ ബലമാണെന്ന് അവകാശപ്പെടുന്നു. ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ നാം ആലോചിക്കണം. ഇപ്പോൾ ശാസ്ത്രജ്ഞരുടെ എണ്ണം കുറഞ്ഞു, ഗവേഷണം കുറഞ്ഞു എന്നൊക്കെ പറയുന്നുണ്ട്, അതും പരിശോധിക്കണം. ഇത് ശാസ്ത്രജ്ഞരുടെയും അല്ലെങ്കിൽ അവിടത്തെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു യൂണിവേഴ്സിറ്റിയായി അധഃപതിക്കരുത്. ഇത് കൃഷിക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു യൂണിവേഴ്സിറ്റിയാക്കി മാറ്റണം. കൃഷിക്കാരുടെ സ്വപ്നങ്ങൾക്കനുസരിച്ച് ഇതിനെ വളർത്തിക്കൊണ്ടുവരുവാൻ ഗൗരവമായി ഗവൺമെന്റ് ഇടപെടണം. അതുകൊണ്ട് ഇതുപോലൊരു ചർച്ച വന്നത് നന്നായി. ഇവിടെ ആശങ്ക പ്രകടിപ്പിച്ച കാര്യങ്ങൾ ശരിയല്ല എന്ന് ഭരണസമിതിയുടെ ഭാഗത്തുനിന്ന് പറഞ്ഞത് മുഖവിലയ്ക്കെടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലുള്ള കാര്യങ്ങൾ മുഖവിലയ്ക്കെടുത്തുകൊണ്ടുതന്നെ പറയട്ടെ, ഈ കാർഷിക സർവ്വകലാശാല കേരളത്തിന്റെ അഭിമാനമാണ്, രാജ്യത്തിന്റെ അഭിമാനമാണ്. ഈ കാർഷിക സർവ്വകലാശാലയെ കൃഷിക്കാർക്ക് പ്രയോജനപ്പെടത്തക്കവിധത്തിൽ മാറ്റിയെടുക്കുവാൻ ഞാൻ മുന്നോട്ടുവച്ച ഈ നിർദ്ദേശങ്ങൾകൂടി ബഹുമാനപ്പെട്ട മന്ത്രിമാർ പ്രത്യേകിച്ചും കൃഷിവകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പരിശോധിക്കണം എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, വളരെ നല്ല ഉദ്ദേശത്തോടുകൂടി ശ്രീ. മത്തായി ചാക്കോ നമ്മുടെ കാർഷിക സർവ്വകലാശാലയെ സംബന്ധിച്ച് ഒരു ചർച്ച ഉന്നയിച്ചതാണ്. പക്ഷേ, അതിനകത്ത് ശ്രീ. മത്തായി ചാക്കോ സംസാരിക്കുമ്പോൾ ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. യൂണിവേഴ്സിറ്റിയെ രക്ഷിക്കാൻ, കേരളത്തിലെ കൃഷിക്കാർ ആഗ്രഹിക്കുന്ന രീതിയിൽ യൂണിവേഴ്സിറ്റിയെ വളർത്തിക്കൊണ്ടുവരാൻ കഴിയുന്ന സാഹചര്യങ്ങൾ എന്തൊക്കെയാണെന്നതിനെപ്പറ്റിയാണ് അദ്ദേഹം പറഞ്ഞത്. ഒരു രാഷ്ട്രീയ ലക്ഷ്യത്തോടുകൂടിയാണ് അദ്ദേഹം സംസാരിച്ചത് എന്ന് എനിക്ക് വിശ്വാസവുമുണ്ട്. പ്രതിപക്ഷ നേതാവ് അതിനെപ്പറ്റി സംസാരിക്കാൻ ഇരിക്കുകയാണ്. ഈ സംസ്ഥാനത്ത് ഇപ്പോൾ ഭരണം നടത്തുന്ന കോൺഗ്രസ് പാർട്ടിയുടെ പ്രമുഖ വക്താവാണ് ശ്രീ. പി.പി. ജോർജ്. അദ്ദേഹം അതിനകത്ത് ഇടതുപക്ഷ നേതാക്കൻമാർ നശിപ്പിക്കുന്നു എന്ന് അഭിപ്രായം പറഞ്ഞു. രാഷ്ട്രീയം വിട്ടിട്ട് ഈ കൃഷിക്കാരുടെ കാര്യത്തിൽ എന്തു ചെയ്യാൻ പറ്റും എന്ന് ചിന്തിക്കാൻ കോൺഗ്രസ് പാർട്ടി തന്നെയാണ് തയ്യാറാകേണ്ടത്. ഇവിടെ ഇങ്ങനെ അഭിപ്രായം പറയണമെങ്കിൽ ഏറ്റവും കൂടുതൽ വിലമതിക്കേണ്ട അഭിപ്രായം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പറയണം. എനിക്ക് അത് പറയാൻ ഒരു മടിയുമില്ല. ഞാൻ പറഞ്ഞത് ശ്രീ. മത്തായി ചാക്കോ പറഞ്ഞ അഭിപ്രായത്തിൽ അദ്ദേഹത്തിന്റെ കാഴ്ചപ്പാട് രാഷ്ട്രീയമായിരുന്നു. യൂണിവേഴ്സിറ്റിയെപ്പറ്റിയായിരുന്നില്ല. അത് ശരിയല്ല എന്ന അഭിപ്രായമാണ് ഞാൻ രേഖപ്പെടുത്തുന്നത്. ഞാൻ ചോദിക്കട്ടെ, കാർഷിക യൂണിവേഴ്സിറ്റിക്ക് തെങ്ങിന്റെ കാറ്റുവീഴ്ചയ്ക്ക് ഇന്നേവരെ ഒരു മരുന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ? നൂറ്റാണ്ടുകളായില്ലേ, സുലഭമായി വെള്ളം കൊടുത്താൽ തെങ്ങിനെ രക്ഷിച്ചെടുക്കാമെന്ന് നല്ല കൃഷിക്കാരന് അറിയാം. എന്തുകൊണ്ട് ഇത് സംഭവിക്കുന്നുവെന്നതിനെപ്പറ്റി ആലോചിക്കേണ്ടേ? ഇവിടെ ഉദ്യോഗസ്ഥൻമാർ മരുന്നു തളിച്ചു, ഇപ്പോഴത്തെ മരുന്നുകളെപ്പറ്റി ഞാൻ പറയുന്നില്ല. ഈ സംസ്ഥാനത്തെ കാർഷികമേഖലയെ രക്ഷിക്കാൻ കഴിയുന്ന രീതിയിലേക്ക് ഗവേഷണം കൊണ്ടുപോകാൻ കഴിയുന്ന രീതിയിലുള്ള യൂണിവേഴ്സിറ്റികളായി മാറ്റണ്ടേ, യൂണിവേഴ്സിറ്റിയിലെ ഉദ്യോഗസ്ഥൻമാർ ശരി ചെയ്യുന്നില്ലായെങ്കിൽ ശരി ചെയ്യിക്കാനുള്ള ചുമതല ഭരിക്കുന്നവർക്കുണ്ട്. പ്രതിപക്ഷവും അതിന്റെ കടമകൾ നിർവ്വഹിക്കണമെന്ന അഭിപ്രായംതന്നെയാണ് ഞാൻ രേഖപ്പെടുത്തുന്നത്. അപ്പോൾ നല്ല ഒരു കൃഷിക്കാരനെ രക്ഷിക്കാൻ കഴിയുന്ന, ആ വർഗ്ഗത്തിന് മോചനം നൽകാൻ കഴിയുന്ന ഒരു ഗവേഷണകേന്ദ്രമാക്കി ഈ സ്ഥാപനത്തെ മാറ്റാനുള്ള ശ്രമം നടത്തണമെന്ന അഭിപ്രായം മാത്രം രേഖപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് *(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):* നമ്മുടെ വലിയ സമ്പത്തായ കേരള കാർഷിക യൂണിവേഴ്സിറ്റി അതിന്റെ പഴയ സ്ഥിതിയിൽനിന്ന് വളരെയേറെ പുറകോട്ടു പോകുന്ന സ്ഥിതിയിലാണ് എന്ന വസ്തുത ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അത് സാമാന്യം വിശദമായി ബഹുമാനപ്പെട്ട മത്തായി ചാക്കോ ഇവിടെ വിവരിക്കുകയുണ്ടായി. നിർഭാഗ്യവശാൽ തന്റെ മണ്ഡലത്തിലും തന്റെ പാർട്ടിയടക്കമുള്ള ആളുകൾ നേതൃത്വം നൽകുന്ന ഒരു ഗവൺമെന്റ് വഹിക്കേണ്ട ചുമതല നിറവേറ്റാതെ ഇവിടെ കുഴപ്പങ്ങൾ കുത്തിപ്പൊക്കുന്നതിനുവേണ്ടിയിട്ടുള്ള പ്രധാനപ്പെട്ട പങ്കുവഹിച്ച തന്റെ സ്നേഹിതൻ ശ്രീ. പി. പി. ജോർജ് തന്നെ അവിടെ യാതൊന്നും സംഭവിച്ചിട്ടില്ല, വളരെ ഭംഗിയായിട്ട് കാര്യങ്ങളെല്ലാം പോകുന്നുവെന്നു പറഞ്ഞ് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയെയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെയും മുഖ്യമന്ത്രിയെയും എല്ലാംതന്നെ വാനോളം പുകഴ്ത്തി. താൻ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പണി തുടർന്നും നടത്താൻവേണ്ടി അവരുടെയെല്ലാം സഹായം അഭ്യർത്ഥിക്കുന്നതിനുവേണ്ടിയിട്ടുള്ള കാര്യമാണ് അദ്ദേഹം ചെയ്തതെന്നുള്ള സത്യം പറയേണ്ടിവന്നതിൽ എനിക്ക് അങ്ങേയറ്റത്തെ ദുഃഖമുണ്ട്. വാസ്തവത്തിൽ എന്താണ് സ്ഥിതി? മഹാരാഷ്ട്രയിൽ 4 കാർഷിക യൂണിവേഴിസിറ്റികളുണ്ട്. കർണ്ണാടകത്തിൽ രണ്ട്, തമിഴ്നാട്ടിൽ രണ്ട്, നമ്മുടെ കേരളത്തിൽ കാർഷിക മേഖലയിലുള്ള ഏക യൂണിവേഴ്സിറ്റിയാണിത്. ആ യൂണിവേഴ്സിറ്റി പ്രതിവർഷം 500 ബിരുദധാരികളെയും, 200 ബിരുദാനന്തര ബിരുദധാരികളെയുമാണ് പുറത്തുവിടുന്നത്. 700 ഓളം ചെറുപ്പക്കാരായ ബിരുദധാരികളെ ഓരോ വർഷവും ഇക്കഴിഞ്ഞ 33 വർഷമായി പുറത്തുവിട്ടുകൊണ്ട് നമ്മുടെ കാർഷികമേഖലയ്ക്കാകെ വലിയ ഒരു സാമ്പത്തികനേട്ടം ആ യൂണിവേഴ്സിറ്റി ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്പോഴും പത്തു മുവായിരത്തോളം വിദ്യാർത്ഥികൾ വലിയ പ്രത്യാശയോടുകൂടി അവിടെ പഠിച്ചുകൊണ്ടിരിക്കുകയാണ്. അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകരോടുള്ള സമീപനം.....മി. പി.പി.ജോർജിന്റെയും അതുപോലെ പി.പി.ജോർജ്വഴി ഗവൺമെന്റും ചെയ്യുന്നതെന്താണ്? വളരെ ക്രൂരമായ നിലയിലുള്ള പെരുമാറ്റമല്ലേ ചെയ്തുകൊണ്ടിരിക്കുന്നത്. അവരിൽ 420 ശാസ്ത്രജ്ഞൻമാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളം അയ്യായിരം, ആറായിരം രൂപ വെട്ടിക്കുറച്ചു. ഇരുപത്തിയഞ്ചു മുതൽ ഇരുപത്തിയേഴു വർഷത്തോളം സർവ്വീസുള്ള അദ്ധ്യാപകർക്കുള്ള ശമ്പളം അവർ പഠിപ്പിച്ചവരും ഇപ്പോൾ പുതിയതായി ജോലിക്കു പ്രവേശിച്ച വിദ്യാർത്ഥികളെക്കാളും താഴെയാണ്. പ്രതികാരപരമായിട്ടുള്ള സമീപനം സ്വീകരിക്കാൻ കാര്യമെന്താണ്? യാതൊരു നീതീകരണവും ഇല്ലാതെ യാതൊരു ചട്ടത്തിനും അനുയോജ്യമല്ലാത്ത വിധത്തിൽ അദ്ധ്യാപകരോട് പെരുമാറേണ്ട നീചമായിട്ടുള്ള സമീപനം എങ്ങനെയുണ്ടായി. ഇപ്പോൾ ഇവിടെ യാതൊന്നും സംഭവിച്ചിട്ടില്ല എന്നുള്ള ഭാവത്തിലാണ് ശ്രീ. പി. പി. ജോർജ് പറഞ്ഞത്. അവർ 20-ാം തീയതി മുതൽ പണിമുടക്കിലല്ലേ, ആ പണിമുടക്ക് അനിശ്ചിതമായിട്ട് തുടരുമെന്നല്ലേ അവർ പ്രഖ്യാപിച്ചിട്ടുള്ളത്. അതിലേക്ക് എത്തിച്ചവർ ആരാണ്? ഞാൻ പറയുന്നത് ശ്രീ. പി. പി. ജോർജാണ്

പുറകിൽ ചരടുവലിച്ചത്. ഈ സമീപനം ശ്രീ. പി. പി. ജോർജ് ഉപേക്ഷിക്കുകയും ഈ ഗവൺമെന്റിനെ നേരായ നിലയിൽ സഹായിക്കുന്ന തരത്തിലുള്ള ഉപദേശ നിർദ്ദേശങ്ങൾ കൊടുക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നതെന്ന് ഞാൻ ഈ അവസരത്തിൽ അങ്ങയെ അനുസ്മരിപ്പിക്കുകയാണ്. ഇവിടെ യൂണിവേഴ്സിറ്റിയുടെ ആരംഭത്തിൽ 260 ഗവേഷണ പദ്ധതികളും, 1200 ശാസ്ത്രജ്ഞൻമാരുമുണ്ടായിരുന്നു. ആ സ്ഥാനത്ത് ഇപ്പോഴുള്ളത് 120 ഗവേഷണ പദ്ധതികളും, അറുന്നൂറ് അറുന്നൂറ്റിയൻപത് ശാസ്ത്രജ്ഞൻമാരുമാണ്. എങ്ങനെയാണ് ഇത് പകുതിയായി കുറഞ്ഞത്. അതിന്റെ ഒരു വസ്തുത കാസർകോട്ടെ എന്റെ സ്നേഹിതൻ ശ്രീ. സി. ടി. അഹമ്മദ് അലി ഇവിടെ സത്യസന്ധമായി പറയുകയുണ്ടായി. അങ്ങനെ യഥാർത്ഥ വസ്തുത മറച്ചുവച്ച് അദ്ധ്യാപകരാകെ കുഴപ്പക്കാരെന്ന് ചിത്രീകരിച്ച് അവരെ അപമാനിക്കുന്നതുകൊണ്ട് എന്താണ് ഗുണം കിട്ടുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അവരല്ലേ ഈ എഴുന്നോറോളം വരുന്ന ബിരുദധാരികളെയും ബിരുദാനന്തര ബിരുദധാരികളെയും നമ്മുടെ കേരളത്തിന് സമ്പാദിച്ചുതരുന്നത്. പതിനായിരത്തോളം ഇതുപോലുള്ള ബിരുദധാരികളെയല്ലേ ഇന്ത്യയിലാകെയുള്ള കാർഷിക യൂണിവേഴ്സിറ്റികളും-മഹാരാഷ്ട്രയിലും കർണ്ണാടകത്തിലും തമിഴ്നാട്ടിലുമുള്ള എല്ലാ കാർഷിക യൂണിവേഴ്സിറ്റികളും സംഭാവന ചെയ്തുകൊണ്ടിരിക്കുന്നത്. അതിലും ഒട്ടും കുറയാത്ത വിധത്തിൽ ബിരുദധാരികളെ നമ്മുടെ അദ്ധ്യാപകരുടെ അങ്ങേയറ്റത്തെ പരിശ്രമത്തിന്റെ ഫലമായി സംഭാവന ചെയ്തുകൊണ്ടിരിക്കുകയല്ലേ? അവരെ കഴിയുന്നത്ര പ്രോൽസാഹിപ്പിക്കുകയല്ലേ, നമ്മൾ ചെയ്യേണ്ടത്? കുട്ടനാട്ടിലും പാലക്കാട്ടുമുള്ള കൃഷിക്കാർ കൃഷി ആദായകരമല്ല എന്നുള്ള നിലയിൽ പുറകോട്ടുപോകാൻ തുനിഞ്ഞപ്പോൾ, കുറേയാളുകൾ ഭൂമി വിൽക്കുകയും ഭൂമി വാങ്ങിക്കൊണ്ട് റബ്ബർ മരങ്ങളും തെങ്ങുകളും എല്ലാംതന്നെ വയ്ക്കാനുള്ള ശ്രമം നടത്തിയപ്പോൾ കർഷക തൊഴിലാളികളുടെ നേതൃത്വത്തിൽ ആ നിലം നികത്തുകയെന്നുള്ള പരിശ്രമത്തിൽനിന്ന് പിൻതിരിപ്പിക്കാൻവേണ്ടി ഒരു പ്രക്ഷോഭണം നടത്തി. അതിനെ പിന്നീട് വെട്ടിനിരത്തലെല്ലാമായിട്ട് കളിയാക്കുകയും മറ്റും ചെയ്തു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കു പോകുന്നില്ല. ഈ വാർത്ത പത്രത്തിൽ വന്നപ്പോൾ ആരും അവരോടു നിർദ്ദേശിക്കാതെതന്നെ കാർഷിക യൂണിവേഴ്സിറ്റിയിലെ ഒരു വിഭാഗം ആത്മാർത്ഥതയുള്ള ശാസ്ത്രജ്ഞൻമാർ കൃഷി ലാഭകരമായി നടത്താൻ എങ്ങനെ കഴിയുമെന്ന് പരീക്ഷണം നടത്തി നെല്ലു കൃഷിയിൽ ഇങ്ങനെ പുറകോട്ടു പോയിക്കൊണ്ടിരിക്കുന്ന കൃഷിക്കാരെ നെൽകൃഷിയിൽത്തന്നെ എങ്ങനെ ഉറപ്പിച്ചുനിർത്താൻ കഴിയും, അവർക്ക് എന്തെല്ലാം സഹായം ചെയ്യാൻ കഴിയും എന്ന് പറഞ്ഞുകൊടുത്ത് കാർഷിക യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞൻമാർ എന്നുള്ള നിലയിൽ ഒരു മാസത്തോളം അവർ കേരളമാകെയുള്ള കാർഷിക യൂണിവേഴ്സിറ്റികളെല്ലാം സഞ്ചരിച്ച് കർഷകത്തൊഴിലാളികളും കൃഷിക്കാരുമായിട്ട് ചർച്ചകളെല്ലാംതന്നെ നടത്തി. അവരും ഒരു പരീക്ഷണം നടത്തി. പരീക്ഷണത്തിന്റെ പരിണതഫലമാണ് 'ഗാലസ' പരിപാടി. അഥവാ കൂട്ടുകൃഷിപരിപാടി. അത് പാലക്കാട് ജില്ലയിലെ മൂന്നു പഞ്ചായത്തുകളിൽ പരീക്ഷിച്ച് ആ പരീക്ഷണം കഴിഞ്ഞ് കൊയ്ത്തു

LIBRARY ARCHIVES Kerala Legislative Assembly

നടക്കുമ്പോൾ ആ സന്തോഷത്തിൽ പങ്കെടുക്കാൻ ജില്ലാ പഞ്ചായത്ത് എന്നെ അറിയിച്ചതനുസരിച്ച് ഞാനും പോയി, കൊയ്ത്തിൽ ഞാനും പങ്കെടുത്തു. അവരുടെയെല്ലാം ഉൽസാഹപൂർവമായിട്ടുള്ള പ്രവർത്തനത്തിൽ ഞാൻ സഹകരിച്ചു. ബി.ജെ.പി.ക്കാരൻ, കോൺഗ്രസുകാരൻ, ഇടതുപക്ഷക്കാരൻ, നമ്പൂതിരിമാർ, നായൻമാർ, ഹരിജനങ്ങൾ ജാതിപറഞ്ഞാൽ അങ്ങനെ എല്ലാ കൃഷിക്കാർക്കും സന്തോഷകരമായ ഒരു അന്തരീക്ഷമുണ്ടായി. എങ്ങനെയാണ് മുമ്പുണ്ടായിരുന്നതിന്റെ മൂന്നിരട്ടി കൃഷിക്കാരന് വരുമാനം. ചൈനീസ് മോഡലിലുള്ള ചെറിയ യന്ത്രങ്ങൾ ഉപയോഗിച്ച് കർഷകത്തൊഴിലാളികൾക്ക് തൊഴിൽ. അങ്ങനെ വരുമാനവും തൊഴിലും എല്ലാം ഉണ്ടാകത്തക്ക നിലയിലുള്ള സാഹചര്യവുമുണ്ടായി. പാലക്കാട്ടെ മൂന്നു പഞ്ചായത്തുകളിൽ ഇതുണ്ടായപ്പോൾ 22 പഞ്ചായത്തുകളിലേക്ക് അടുത്തവർഷം അത് നടപ്പിലാക്കാൻ അവർ തീരുമാനിച്ചു. കുട്ടനാട്ടിൽ ആദ്യം മൂന്നു പഞ്ചായത്തുകളിൽ. കുട്ടനാട് കായൽപോലെ കിടക്കുന്ന പ്രദേശത്ത് ഈ പാലക്കാടുപോലുള്ള സ്ഥലത്തെ കൃഷി പ്രായോഗികമാകുമോയെന്നുള്ള സംശയമുണ്ടായിരുന്നു. പക്ഷേ, അവിടെ ഇത് വിജയകരമായി. ഈ വസ്തുതകൾ മനസ്സിലാക്കിയിട്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അവസാനത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീ. ശിവദാസ മേനോൻ എഴുതിവച്ചത്, ഓരോ വർഷം ചെല്ലുന്തോറും കേരളത്തിലെ പാടശേഖരങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്ന ദയനീയ സ്ഥിതിയിൽ 'ഗാലസ' പരിപാടി നടപ്പിലാക്കുന്നില്ല. കൃഷിക്കാരെ കൃഷിസ്ഥലങ്ങളിൽ ഉറപ്പിച്ചുനിർത്തി കൂടുതൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുമെങ്കിൽ അത് പരിശോധിക്കണമെന്ന് എഴുതിവച്ചു. ഞാൻ പറഞ്ഞുവന്നത്, കാർഷിക മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രജ്ഞന്മാർക്ക് കേരളത്തിൽ ഇതുപോലെയുള്ള വിഷമകരമായിട്ടുള്ള സ്ഥിതിവരുമ്പോൾ ഒരു മന്ത്രിയോ ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രീയക്കാരനോ, കോൺഗ്രസ് രാഷ്ട്രീയക്കാരനോ ഉപദേശിക്കാതെതന്നെ കേരളത്തിന്റെ പ്രധാനപ്പെട്ട പ്രശ്നം എന്തെന്ന് മനസ്സിലാക്കി അതു സംബന്ധിച്ച് ശാസ്ത്രീയമായി പരിശോധിച്ച് പഠിച്ച് അത് അവർ പരീക്ഷിക്കുകയും ചെയ്തു. അത് ബോദ്ധ്യമായി. ലാഭകരമായി കൃഷിക്കാർക്ക് സഹായം നൽകിയിട്ടും ഇത്തരത്തിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വലിയ വിഭാഗം ശാസ്ത്രജ്ഞന്മാർ നമ്മുടെ കാർഷിക യൂണിവേഴ്സിറ്റിയിലുണ്ടെന്നുള്ളത് മനസ്സിലാക്കണം. അങ്ങനെയുള്ള കൃഷിശാസ്ത്രജ്ഞന്മാരെ പീഡിപ്പിക്കരുത്. അവരെ ഒരു പ്രക്ഷോഭണത്തിലേക്ക് തള്ളിവിട്ടതിനുശേഷം പ്രക്ഷോഭകന്മാരാണെന്ന് പറയരുത്. ഗത്യന്തരമില്ലെങ്കിൽ മാത്രമേ തൊഴിലാളികൾ പണിമുടക്കൂ; അദ്ധ്യാപകർ പണിമുടക്കൂ; സർക്കാർ ജീവനക്കാർ പണിമുടക്കൂ; വിദ്യാർത്ഥികൾ പണിമുടക്കൂ. 1940-ൽ ഒരു തൊഴിലാളിയായി വെള്ളക്കാരന്റെ ഫാക്ടറിയിൽ ജോലിക്ക് കയറിയ ഒരു തൊഴിലാളിയാണ് ഞാൻ. തൊഴിലാളികളെ സംഘടിപ്പിച്ചിട്ടുണ്ട്; പണിമുടക്ക് നടത്തിയിട്ടുണ്ട്. അവരെയെല്ലാം പ്രക്ഷോഭത്തിലേക്ക് നയിക്കാനുള്ള വിഷമകരമായ സ്ഥിതി, പണിയെടുത്താൽ ജീവിക്കാൻ വരുമാനം കിട്ടാതെ വരുന്ന സന്ദർഭങ്ങളിൽ അൽപ്പം കൂടുതൽ കൂലിക്കുവേണ്ടി ഫാക്ടറി തൊഴിലാളികളായാലും, കർഷക തൊഴിലാളികളായാലും സമരം ചെയ്യും. ശ്രീ. കെ. കരുണാകരനെപ്പോലെയുള്ള എത്രയോ പ്രമുഖരായ ട്രേഡ് യൂണിയൻ

LIBRARY ARCHIVES Kerala Legislative Assembly

നേതാക്കൾ നിങ്ങളുടെ കൂട്ടത്തിലുണ്ട്. അവരും തൊഴിലാളികളുടെ വിഷമസന്ധി പരിഹരിക്കുന്നതിനുവേണ്ടിയാണ് തൊഴിലാളികളെ സംഘടിപ്പിക്കുന്നത്. അതു പോലെതന്നെയാണ് കൃഷിശാസ്ത്രജ്ഞന്മാരായിട്ടുള്ള ആളുകൾ, ഇതുപോലെയുള്ള പരിശ്രമങ്ങൾ നടത്തിയത്. അവരെ സമരത്തിലേക്ക് തള്ളിവിടുന്ന സന്ധിയിലേക്ക്, എന്റെ സ്നേഹിതർ ശ്രീ. പി.പി. ജോർജിനെപ്പോലെയുള്ള ആളുകളുടെയും, അദ്ദേഹത്തിന്റെ അനുയായികളായിട്ടുള്ള ആളുകളുടെയും വളരെ മോശപ്പെട്ട രീതിയിലുള്ള സമീപനമാണ് ഇന്നവിടെ ഒരു പ്രക്ഷോഭത്തിന് ഇടയാക്കിയിട്ടുള്ളത്. അതിന് കണിശമായിട്ടും വേഗത്തിലുള്ള പരിഹാരം ഉണ്ടാകണമെന്നുതന്നെയാണ് എന്റെ ആഗ്രഹം. അവരുടെ പ്രതിനിധികളുമായിട്ട് ഗവണ്മെന്റ് ചർച്ചചെയ്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പു മന്ത്രിയുമായി ചർച്ചചെയ്ത് ഒരു നിമിഷംപോലും പണിമുടക്ക് തുടർന്നുകൊണ്ടുപോകാൻ ഇടയാകാത്തവിധത്തിൽ കാർഷിക യൂണിവേഴ്സിറ്റിയെ ഇന്നത്തെ ദുഃസ്ഥിതിയിൽനിന്നും എങ്ങനെയൊക്കെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമോ അതിന് സഹായകരമായ ഒരു നിലപാട് എടുക്കണം.

ശ്രീ. കെ. സി. ജോസഫ്: ഐ.സി.എ.ആർ.-ന്റെ മാനദണ്ഡങ്ങൾക്കുവിരുദ്ധമായി എല്ലാ സാമ്പത്തിക നടപടികളും ലംഘിച്ചുകൊണ്ടു നൽകിയ അധിക ശമ്പളം തിരിച്ചു പിടിക്കേണ്ട എന്നാണോ അഭിപ്രായം?

ശ്രീ. വി. എസ്. അച്യുതാനന്ദൻ: യു.ജി.സി.-യുടെ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് നോക്കിയതിനുശേഷം മാത്രമേ ചെയ്യൂ. മുൻ ഗവണ്മെന്റ് അവർക്ക് അവകാശപ്പെട്ട കാര്യങ്ങളല്ലാതെ വേറൊന്നും കൂടുതലായി ചെയ്തിട്ടില്ല എന്നാണ് എനിക്ക് ബോദ്ധ്യമായിട്ടുള്ളത്. .....(ബഹളം)..... നിങ്ങൾക്ക് അവരുമായിട്ട് ചർച്ച ചെയ്യാം. ഗവണ്മെന്റിന്റെ പ്രതിനിധികളും അവരുമായിട്ട് ചർച്ച ചെയ്തിട്ട്, അവർക്ക് പറയാനുള്ളതുകൂടി കേട്ടിട്ട് മതി. വെറുതേ കടലാസ് കാണിച്ചിട്ട് കാര്യമില്ല. അവർക്ക് വളരെയധികം കാലം നിഷേധിച്ചിരുന്ന ഒരു കാര്യം, ആ ഗവണ്മെന്റും ആദ്യം അത് അംഗീകരിച്ചിരുന്നില്ല. അതുതന്നെയായിരുന്നു നമ്മുടെ സർക്കാർ കോളേജുകളിലെ അദ്ധ്യാപകർക്കും യു.ജി.സി.-യുടെ ആനുകൂല്യം വളരെക്കാലമായി ഗവൺമെന്റ് കൈകാര്യം ചെയ്ത അവസരത്തിൽ നിഷേധിച്ചുപോന്നു. അവസാനം അവരുടെ ന്യായമായ ആവശ്യങ്ങൾ, അപ്പീലേന്ത്യാടിസറാനത്തിൽ മറ്റു സംസ്ഥാനങ്ങളെല്ലാം ചെയ്യുന്നതല്ലേ? യു.ജി.സി. എന്ന് പറയുന്നത് കേരളത്തിൽ മാത്രം ഉള്ളതാണോ? യു.ജി.സി.-യുടെ അനുകൂല്യം നമ്മൾ നിഷേധിച്ചു എന്നു പറയുന്നത് ശരിയല്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മറ്റ് രംഗങ്ങളിലും യു.ജി.സി.-യുടെ ആനുകൂല്യം നമ്മൾ കൊടുത്തതുപോലെതന്നെ ഇവരുടേതും കൊടുത്തുകാണും. അത് കൂടുതലായിപ്പോയി. അത് അവരെ സംബന്ധിച്ചിടത്തോളം കുറഞ്ഞുപോയി. ഇതെല്ലാംതന്നെ അവരുമായിട്ട് ചർച്ച ചെയ്യണം. ആ അവസരത്തിൽ എന്റെ എളിയ കഴിവ് വേണമെന്നുണ്ടെങ്കിൽ ഞാനും കൂടെ വരാം. ന്യായമായിട്ടുള്ള നിലയിൽ, ഇന്ന് നടന്നുകൊണ്ടിരിക്കുന്ന സന്ധിക്ക് കണിശമായും പരിഹാരം ഉണ്ടാക്കുന്നതിന് കഴിയുമെന്നാണ് എന്റെ വിശ്വാസം. വളരെ സമർത്ഥന്മാരായിട്ടുള്ള ആളുകളാണ് അവരെന്ന് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

നല്ലപോലെ അറിയാം. ശ്രീ. ജോണി നെല്ലൂർ പറഞ്ഞതുപോലെ അവരുടെ കണ്ടു പിടുത്തങ്ങൾ— കേരസുധ, ഗാലസ, ഓണാട്ടുകരയിലെ സമഗ്ര നാളികേര വികസ നത്തിനു വേണ്ടിയുള്ള പദ്ധതി, ജൈവവളം ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതി, ചെറിയ തൈകൾ കണ്ടുപിടിക്കുക ഇതുപോലെയുള്ള ഒട്ടേറെ കാര്യങ്ങൾ അവർ കൊണ്ടുവന്നിട്ടുണ്ട്. അവയെയെല്ലാംതന്നെ പ്രോൽസാഹിപ്പിച്ച് നമ്മുടെ സംസ്ഥാന ത്താകെ വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ 40 ലക്ഷത്തോളം വരുന്ന ചെറുതും ഇടത്തരവുമായ നമ്മുടെ കൃഷിക്കാർക്കും, ലക്ഷക്കണക്കിന് കർഷകത്തൊഴിലാളി കൾക്കും അതുപോലെതന്നെ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കുമെല്ലാം വലിയ നേട്ടമായിരിക്കുമെന്നുതന്നെയാണ് എന്റെ വിശ്വാസം. അതുകൊണ്ട് കലക്കം ഉണ്ടാക്കുക എന്നുള്ളതിൽ, ആരെങ്കിലും ഇതിനകത്ത് ഇടപെട്ട് അതിസാമർത്ഥ്യം കാണിക്കുന്നുവെങ്കിൽ ഗവണ്മെന്റ് അതിന് വിധേയമാകരുത്. ഈ ശാസ്ത്രജ്ഞ ന്മാരായിട്ടുള്ള ആളുകളും ആവരുടെ സംഘടനാപ്രതിനിധികളുമായിട്ടെല്ലാം ചർച്ച ചെയ്ത് അവരുടേതായ ഡിഫെക്ട് ചൂണ്ടിക്കാണിക്കാനുണ്ടെങ്കിൽ വളരെ ശക്തമായി ട്ടുള്ള നിലയിൽ ചൂണ്ടിക്കാണിക്കാനും അവർക്ക് ഗവണ്മെന്റിനെ സംബന്ധിച്ച് ആവലാതികളും പരാതിയും ഉണ്ടെങ്കിൽ അത് കേൾക്കാനുമുള്ള സന്നദ്ധത കാണിക്കണം. അങ്ങനെ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയണമെന്നാണ് എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്.

കൃഷിയും കയറും വകുപ്പുമന്ത്രി (*ശ്രീമതി കെ.ആർ. ഗൗരിയമ്മ*): സർ, ഈ ചർച്ച വന്നത് വളരെ നന്നായി. എന്താണെന്നു വച്ചാൽ അടുത്തകാലത്ത് പ്രതിപക്ഷം നടത്തിയതുൾപ്പെടെ തൃശ്ശൂർ യൂണിവേഴ്സിറ്റിയിൽ പ്രതിപക്ഷനേതാവ് പോയി അവിടത്തെ ശാസ്ത്രജ്ഞന്മാരെ വിളിച്ചുകൂട്ടി നടത്തിയ യോഗത്തിൽ തെറ്റിദ്ധാരണാജനകമായിട്ടുള്ള വിധത്തിൽ ഗവണ്മെന്റിനെതിരായിട്ടുള്ള സമരം നടത്തുവാൻ ആഹ്വാനം കൊടുക്കുകയും, അവരേയും നാട്ടുകാരേയും തെറ്റിദ്ധരിപ്പി ക്കാൻ ബോധപൂർവ്വമായ നിലപാട് എടുക്കുകയും ചെയ്തു. ഈ ഗവണ്മെന്റ് യൂണിവേഴ്സിറ്റിയിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കോ പഠിക്കുന്ന കുട്ടികൾക്കോ എതിരായി ഒരു പ്രവൃത്തിയും ചെയ്തിട്ടില്ല. യാതൊരു തെറ്റും ചെയ്തിട്ടില്ല. ഈ ഗവണ്മെന്റ് വന്നതിനുശേഷം ഒരു ഉത്തരവും അവരുടെ അവകാശങ്ങൾ പിൻവലിച്ചുകൊണ്ട് ഇറക്കിയിട്ടുമില്ല. അതുകൊണ്ട് ഉണ്ടായിരിക്കുന്നത്, കേരള കാർഷിക സർവ്വകലാശാല ഇപ്പോൾ മോശമായി എന്നുള്ള അഭിപ്രായം എനിക്കുമില്ല. സർദാർ പട്ടേൽ ഔട്ട്സ്റ്റാന്റിംഗ് ഐ.സി.എ.ആർ. ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് 2003-ൽ ഇന്ത്യയിലുള്ള സർവ്വകലാശാലകളിൽ കിട്ടിയത് നമ്മുടെ സർവ്വകലാശാല യ്ക്കാണ്. അതുപോലെതന്നെ ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രിക്കൾച്ചർ റിസർച്ചിന്റെ കുട്ടികളുടെ മേൻമയ്ക്കും മികവിനുമുള്ള അവാർഡ് നമ്മുടെ സർവ്വകലാശാലയ്ക്കാണ് കിട്ടിയത്. അതുകൊണ്ട് കോളേജിന്റെ പ്രവർത്തനം മോശമായിരിക്കുന്നു, കുട്ടികളുടെ പഠിത്തം മോശമായിരിക്കുന്നു, അവരുടെ അസൈൻമെന്റ് മോശമായിരിക്കുന്നു എന്നുള്ള അഭിപ്രായമില്ല. എന്നാൽ, യൂണിവേഴ്സി റ്റിയിൽ കുറേ പ്രശ്നങ്ങളുണ്ട്. അദ്ദേഹം ഇവിടെ പറഞ്ഞതുപോലെ കേരളത്തിലെ ഏക കാർഷിക സർവ്വകലാശാലയാണ്, നമ്മുടെ സംസ്ഥാനവ്യാപകമായി ഒറ്റ സർവ്വക ലാശാലയേ ഉള്ളൂ. മറ്റ് സംസ്ഥാനങ്ങളിൽ വേറെ ധാരാളം യൂണിവേഴ്സിറ്റികളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സ്ഥാപനം ഇന്ത്യൻ കാർഷിക സർവ്വകലാശാലകളിൽ പ്രമുഖസ്ഥാനം അലങ്കരിക്കുന്നുണ്ട്. ഈ സർവ്വകലാശാലയുടെ കീഴിൽ 10 കോളേജുകളും 6 മേഖലാ കേന്ദ്രങ്ങളും അവയുടെ കീഴിൽ 35 ഉപകേന്ദ്രങ്ങളും ഏഴ് കൃഷി വിജ്ഞാന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. നമ്മൾ അംഗീകരിച്ച കോളേജുകളിൽ ഒരു കോളേജിന്റെ കാര്യമാണ്, പടന്നക്കാട് കോളേജിന്റെ കാര്യമാണ് ഇവിടെ വന്നത്. പടന്നക്കാട് കോളേജിൽ 33 പോസ്റ്റുകൾ അംഗീകരിച്ചിട്ടുണ്ട്. നിങ്ങൾ പറയുന്നതു പോലെ 61 അല്ല. അവിടെ 17 പേരെ മാത്രമേ നിയമിച്ചിട്ടുള്ളൂ. കാരണം, അവിടെപോയി പ്രവർത്തിക്കാൻ മടിയുള്ളവരുണ്ട്, മറ്റ് കാരണങ്ങളുമുണ്ട്. ഈ കോളേജിനെ സംബന്ധിച്ച് ഇന്നത്തെ നിലയിൽ വന്നിരിക്കുന്നത്, അവിടെ ആറ് അദ്ധ്യാപകരാണ് ഇപ്പോൾ ഉള്ളത്. ഇതിനുമുൻപുതന്നെ അവിടെ വർക്ക്സ്റ്റഡി നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആ സ്റ്റഡി പൂർത്തിയാക്കണം. ആ കോളേജിൽ ഇന്നത്തെ നിലയിൽ ആവശ്യമായ സ്റ്റാഫിനെ കൊടുക്കാൻ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി കമ്മിറ്റി ചില നിബന്ധനകൾ വച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് സ്റ്റഡി നടത്തിക്കഴിഞ്ഞതിനുശേഷം മുഴുവൻ സ്റ്റാഫിനെയും കൊടുക്കുന്നതിനുള്ള നടപടികളുണ്ടാകും. ഇന്നത്തെ നിലയിൽ അവിടെ പോസ്റ്റ് ചെയ്യുന്ന മിക്കവാറുമുള്ള ആളുകൾ അപ്പോൾത്തന്നെ സ്ഥലംമാറ്റം വാങ്ങിപോകുന്ന സ്ഥിതിയുമുണ്ട്. അത് എങ്ങനെ പരിഹരിക്കാമെന്ന് ഇന്നലെ ഇവർ വന്നപ്പോൾ ഞാൻ ചർച്ച ചെയ്തതാണ്. ഇനിയും ചർച്ച ചെയ്ത് പരിഹരിച്ച് ആ കോളേജ് നടത്തുന്നതിനുള്ള നടപടികളെടുക്കും. വേറെ രണ്ട് കോളേജുകളുണ്ട്. പൂക്കോട് വെറ്ററിനറി കോളേജിന് ഇന്നും റെക്കഗ്നിഷൻ കിട്ടിയിട്ടില്ല. ഞാൻതന്നെ പോയി ഇന്ത്യൻ വെറ്ററിനറി കൗൺസിലിനോട് അഭ്യർത്ഥിച്ച് ജാമ്യംനിന്ന് ഈ കാലത്തിനിടയിൽ ഞങ്ങളെക്കൊണ്ട് സാധിക്കുന്ന നിലയ്ക്ക് പണി പൂർണ്ണമായും നടപ്പാക്കുമെന്ന് ഉറപ്പു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 'recognition തരാൻ നമുക്ക് ഒരു കൊല്ലംകൂടെ അവധി തന്നു. ഇനിയും 30 കോടി രൂപ വേണം. ഇത് പരിപൂർണ്ണമായി കെട്ടിടം പണിതും ഉപകരണങ്ങൾ വാങ്ങിയും University Standard അനുസരിച്ച് Veterinary College ആക്കുവാൻ നമ്മുടെ സാമ്പത്തിക പരിമിതിയിൽ നടത്താൻ സാധിക്കാത്തതുകൊണ്ട് നബാർഡിൽ ലോണിന് അപേക്ഷിച്ചിരിക്കുകയാണ്. ഞങ്ങളുടെ പരിമിതമായിട്ടുള്ള പണവും അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിന്റെയും വെറ്ററിനറി ഡിപ്പാർട്ടുമെന്റിന്റെയും പണവും divert ചെയ്ത് ബാക്കിയുള്ള വിധത്തിൽ കെട്ടിടങ്ങൾ പൂർത്തിയാക്കി അവിടെ താമസിച്ചു എന്നുള്ളതല്ലാതെ മറ്റുകാരണങ്ങളില്ല. ഇനിയും അനേകം പ്രവൃത്തികൾ ചെയ്യാനുണ്ട്; ചെയ്യണം. ആ വിധത്തിലേ recognition കിട്ടൂ. അതാണ് സ്ഥിതി. അതുപോലെതന്നെ ഡയറി കോളേജ് സ്ഥാപിച്ചത് കെ. എൽ.ഡി. ബോർഡിന്റെ സ്ഥലത്താണ്. ഡയറി കോളേജ് സ്ഥാപിച്ചത് Vagamen-ൽ ഇടുക്കിയിലാണ്. കെ. എൽ. ഡി. ബോർഡിന് 3 കോടി രൂപ കൊടുക്കേണ്ട സ്ഥാനത്ത് ഒന്നരക്കോടി രൂപ അഡ്വാൻസ് നൽകി കെട്ടിടം പണി തുടങ്ങി, പൂർത്തിയാക്കാൻ സാധിക്കാത്തതുകൊണ്ട് അവിടെത്തന്നെ കിടക്കുന്നു. അതിന്റെ റെക്കഗ്നിഷൻ നഷ്ടപ്പെടാതിരിക്കാനും തൃശ്ശൂരിൽത്തന്നെ ഡയറി കോളേജ് കല്ലേറ്റുംകരയിൽ നടത്താനും അതിനാവശ്യമായിട്ടുള്ള സ്റ്റാഫിനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതിനുള്ള നടപടികളുമെടുത്തിട്ടുണ്ട്. അതുകൊണ്ട് കെ.എൽ.ഡി. ബോർഡിന് കൊടുത്ത പണം തിരിച്ചുവാങ്ങി പൂക്കോട് വെറ്ററിനറി കോളേജിനുവേണ്ടി ചെലവഴിച്ചു. ബുദ്ധിമുട്ടുകൊണ്ടാണ്. മറ്റു വിധത്തിലല്ല. രണ്ട് കോളേജും നമ്മുടെ സാമ്പത്തികസ്ഥിതി എന്താണെന്നറിയാതെ നടത്തിയതിന്റെ നടപടിക്രമത്തിന്റെ ഭാഗമാണ്. അല്ലാതെ വീഴ്ചയല്ല. അതാണ് ഇന്നത്തെ കോളേജുകളുടെ സ്ഥിതി. ഈ ഗവൺമെന്റ് വന്നതിനുശേഷം യു.ജി.സി. സ്കെയിൽ ഇംപ്ലിമെന്റ് ചെയ്യുന്നതിനുവേണ്ടി ഒരു ഓർഡറും ഇഷ്യൂ ചെയ്തിട്ടില്ല. യു.ജി.സി. സ്കെയിൽ നടപ്പിലാക്കാൻ ഒടുവിൽ ഓർഡർ ഇഷ്യൂ ചെയ്തത് 9-6-2000-ലാണ്. ആ ഓർഡറിലാണ് ഈ കുഴപ്പം മുഴുവൻ ഉണ്ടായിരിക്കുന്നത്. ഞാൻ ആ ഓർഡർ വായിച്ചുകേൾപ്പിക്കാം. The benefits already conferred as per G.O. (M.s.) No. 246/96/AD/dated 16-7-1996 and G.O. (Ms.) No. 321/96/AD/ dated 19-10-1996 does not contemplate any change in the qualifications and experience required for the post of Associate Professor. Therefore it is clarified that only Assistant Professors as on 1-1-1986 will be eligible for higher scale of Rs. 3500 contemplated. ശ്രീമതി സാവിത്രി ലക്ഷ്മണൻ ചെയർമാനായ കമ്മിറ്റി തീരുമാനിച്ച് ഓർഡർ ഇഷ്യൂ ചെയ്തു. ആ ഓർഡർ ശിവദാസമേനോൻ ഗവൺമെന്റ് ക്യാൻസൽ ചെയ്തു. അതുകഴിഞ്ഞതിനുശേഷം സീനിയോറിറ്റി നിശ്ചയിച്ചുകൊണ്ട്, സീനിയറായിട്ട് വന്നത് ക്യാൻസൽ ചെയ്തു. പതിമൂന്നും പതിനാറും കൊല്ലം അവർ ജോലി ചെയ്യണമെന്നുള്ള വ്യവസ്ഥയോടുകൂടിയുള്ള ഓർഡറാണ് ഇഷ്യൂ ചെയ്തത്. അതാണ് മുഴുവൻ കുഴപ്പവും ഉണ്ടാകാൻ കാരണം. അത് വരുന്നതിനു മുൻപ് ശ്രീ. ശിവദാസമേനോൻ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന് എഴുതിയ കത്തുമുണ്ട്. അതിനകത്ത് അദ്ദേഹം പറഞ്ഞതെന്താണ്? The schemes should be implemented in letter and spirit and no dilution in the staff strength and academic requirements should be allowed. You would agree with me that the suggested UGC scheme is an academic excellence and the pay package commensurate with qualification and experience. ആ എഴുത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം ഒടുവിൽ ഓർഡർ ഇഷ്യൂ ചെയ്തത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു ഓർഡറും ഇഷ്യൂ ചെയ്തിട്ടില്ല. ഒരുത്തരെയും കുറ്റപ്പെടുത്താനല്ല. പ്രതിപക്ഷനേതാവ് അവിടെപ്പോയി ഒരുപാട് പ്രസംഗം നടത്തിയല്ലോ? അങ്ങേക്ക് ഒരു സെക്രട്ടേറിയറ്റുണ്ടല്ലോ? പാർട്ടിയുടെ സെക്രട്ടേറിയറ്റല്ല ഞാൻ പറഞ്ഞത്. ഗവൺമെന്റ് അനുവദിച്ചതായിട്ടുള്ള ഒരു സെക്രട്ടേറിയറ്റുണ്ടല്ലോ? ഉദ്യോഗസ്ഥവൃന്ദം ഉണ്ടല്ലോ? അവരോടെങ്കിലും ചോദിക്കാൻ പാടില്ലായിരുന്നോ? ആരാണ് കുറ്റക്കാരെന്ന്. ഒരു കോളേജിന്റെ കാര്യം വന്നതല്ല, അതിന്റെ നിലനില്പാണ്, നമ്മുടെ കുട്ടികളുടെ ഭാവിയാണ്, അനേകം അദ്ധ്യാപകരുടെ ജീവിതമാണ്. ശ്രീ. പി.പി. ജോർജിനെയോ ശ്രീ. വക്കം പുരുഷോത്തമനെയോ മുഖ്യമന്ത്രിയെയോ കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ? കാര്യമെന്താണെന്ന് തിരക്കണം. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗും, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റും, കൂടാതെ ശ്രീ. കോടിയേരി ചെയർമാനായിട്ടുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും യാതൊരു കാരണവശാലും ICAR നിർദ്ദേശിച്ച, UGC നിശ്ചയിച്ച, qualification-ൽ ഇളവു വരുത്താൻ പാടില്ല, യു.ജി.സി.സ്കെയിൽ

അതുപോലെതന്നെ നടപ്പാക്കണമെന്ന് റിപ്പോർട്ട് കൊടുത്തിരിക്കുന്നു. ആ റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ ഞങ്ങൾ എന്ത് ചെയ്യണം? യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥരെയും വൈസ് ചാൻസലറെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിളിച്ച് ഇക്കാര്യം ചർച്ച ചെയ്തു. ചർച്ച ചെയ്തപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് അതിനുമുമ്പുതന്നെ യൂണിവേഴ്സിറ്റിയിൽ അവർ ചില നടപടികളെടുത്തിരുന്നു എന്നാണ്. അവരുടേതായിട്ടുള്ള റിപ്പോർട്ടുണ്ട്. ശുപാർശകൾ നടപ്പിലാക്കുന്നതിന് മുൻപ് അവരുടേതായിട്ടുള്ള കമ്മിറ്റി വന്നിരുന്നു. യു.ജി.സി. നടത്തിപ്പ് സംബന്ധിച്ച് ഫിനാൻസ് ഇൻസ്പെക്ഷൻ റിപ്പോർട്ട് സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റി അത് അംഗീകരിക്കുകയും ചെയ്തു. യു.ജി.സി.യുടെ തെറ്റായ നടത്തിപ്പ് പരിശോധിച്ച് തിരുത്തുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റി ഒരു സബ്കമ്മിറ്റിയെയും നിയോഗിച്ചു. ഏറ്റവും ഒടുവിലായി ധനകാര്യവകുപ്പിൽ ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു യു.ജി.സി. സെൽ രൂപീകരിക്കുകയും അത് പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. ഇതെല്ലാം വച്ചുകൊണ്ട് ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഞങ്ങൾ University അദ്ധ്യാപകരുടെ representatives. executives, Registrar, VC എന്നിവരെ വിളിച്ചു ചർച്ചചെയ്തു. ഒടുവിൽ ഒരു തീരുമാനത്തിൽ എത്തി. ഇതിൽ മുൻഗവൺമെന്റ് ഇഷ്യു ചെയ്ത ഓർഡറുകൾ നടപ്പിലാക്കി റിപ്പോർട്ട് ചെയ്യാൻ. അതോടുകൂടിത്തന്നെ ഞങ്ങൾ ഒരു സ്ക്രീനിംഗ് കമ്മിറ്റിയും നിർബന്ധമായിട്ടും കൂടി report തരാൻ നിർദ്ദേശിച്ചു. സ്ക്രീനിംഗ് കമ്മിറ്റി അവിടെ അപ്പോയിന്റ് ചെയ്തിട്ടില്ല, കൂടിയിട്ടുമില്ല. ആ സ്ക്രീനിംഗ് കമ്മിറ്റി കൂടി സ്ക്രീൻ ചെയ്തിരുന്നെങ്കിൽ ഇന്നിപ്പോൾ അവിടെ വന്നിരിക്കുന്ന സ്തംഭനാവസ്ഥ ഉണ്ടാകുമായിരുന്നില്ല എന്നാണ് വിശ്വാസം. ആരോ പറഞ്ഞല്ലോ, College-ൽ staff ഇല്ല എന്ന്. ആകെ post 1,127 ആണ്. 780 പോസ്റ്റുകളിലാണ് അദ്ധ്യാപകരുള്ളത്. 408 വേക്കൻസിയുണ്ട്. 302 പേർക്ക് തരംതാഴ്ത്തൽ ഉണ്ടായിട്ടുണ്ട്. സ്ക്രീനിംഗ് കമ്മിറ്റി പരിശോധിക്കുക, എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടെങ്കിൽ ഗവൺമെന്റിനെ സമീപിക്കുക. നമ്മൾക്ക് ചർച്ച ചെയ്യാം, ആവശ്യമായിട്ടുള്ള നടപടികൾ എടുക്കാം എന്ന് ഞങ്ങൾ പറഞ്ഞതാണ്. സ്ക്രീനിംഗ് കമ്മിറ്റി ഇതുവരെ ഉണ്ടാക്കിയിട്ടില്ല. അതുകഴിഞ്ഞ് പ്രതിപക്ഷനേതാവ് University-യിൽ പോയി. അവിടെ മുഴുവൻ staff-നും വൈസ് ചാൻസലർ ലീവ് കൊടുത്തു. മീറ്റിംഗ് നടത്തി കലാപം ഉണ്ടാക്കുവാൻ ആഹ്വാനം കൊടുത്തിട്ട് ഇവിടെ വന്നു പറയുകയാണ്, ഞങ്ങളാണ് കുറ്റക്കാർ എന്ന്. അതൊരു കലാപത്തിന് ആഹ്വാനമാണെന്നാണ് എന്റെ അഭിപ്രായം; കലാപമാണ്; ഞാൻ ഡയസ്നോൺ പ്രഖ്യാപിക്കേണ്ടതാണ്. പക്ഷേ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുകൊണ്ട് ഞാൻ അനങ്ങാതെയിരുന്നു; അത്രേയുള്ളൂ. ഞാൻ പറയുന്നത് നമ്മുടെ യൂണിവേഴ്സിറ്റി, നമ്മുടെ കാർഷികരംഗം അഭിവൃദ്ധിപ്പെടുത്താൻ മാർഗ്ഗങ്ങൾ കണ്ടുപിടിക്കാനും, അതിനാവശ്യമായി നമ്മുടെ ശാസ്ത്രജ്ഞരെ പ്രാപ്തരാക്കാനുമുള്ള ക്ഷേത്രമാണ്. നമുക്കറിയാമല്ലോ. ഇവിടെ എന്തൊരു പ്രൊഡക്ടിവിറ്റിയാണെന്നോ, ഇവിടെ ഭയങ്കര പ്രൊഡക്ടിവിറ്റിയല്ലേ കേരളത്തിൽ? രോഗംകൊണ്ടും ശാസ്ത്രീയ കൃഷിരീതി അവലംബിക്കാത്തതുകൊണ്ടും പ്രൊഡക്ടിവിറ്റി കുറഞ്ഞു. കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ലാകേരമല്ലാതായി. മറ്റ് സംസ്ഥാനങ്ങളുമായിട്ട് നോക്കിയാൽ പ്രൊഡക്ടിവിറ്റി നമ്മുടെ സംസ്ഥാനത്ത് കുറവാണ് (റബ്ബറൊഴിച്ച്). ഞാൻ വന്നതിനുശേഷമാണോ? തെങ്ങിന്റെ കാര്യത്തിൽ നിങ്ങൾ ഒന്ന് അറിയാൻ പറയുകയാണ്. കുരുമുളകിന്റെ കാര്യത്തിൽ, മറ്റ് കാര്യങ്ങളിൽ, കശുമാവിന്റെ കാര്യത്തിൽ നമുക്ക് റീപ്ലാന്റേഷൻ ആവശ്യമാണെന്നും അതിനു സഹായം തരണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. നമ്മുടെ വിളകൾ നാണ്യവിളകളാണ്, ദീർഘ കാല വിളകളാണ് കേരളത്തിലെ പ്രധാന കൃഷികൾ. ഈ നാണ്യവിളകൾ നെല്ലു പോലെ നോക്കിയാൽ മതിയോ? അതുപോലെ ഗോതമ്പുപോലെ നോക്കിയാൽ മതിയോ, പോരാ. നമ്മൾ അതിന്റെ അടിസ്ഥാനത്തിലാണ് റീപ്ലാന്റിംഗിന്, തെങ്ങിന്റെ കാര്യത്തിൽ മാത്രമാണ് 1924-ൽ, അത് മറ്റു കൃഷികൾക്കും ബാധകമാക്കണം. കുരുമുളകിന് റീപ്ലാന്റേഷൻ സമ്മതിച്ചു. കശുവണ്ടിക്ക് സമ്മതിച്ചു. എന്നാൽ ആവ ശ്യമായ പണം ആയില്ല. ഞാൻ നിങ്ങളോട് പറയുകയാണ്, ഓരോ കാര്യത്തിലും റീപ്ലാന്റേഷനെ സംബന്ധിച്ച് നമ്മുടെ നാട്ടിൽ പ്രൊഡക്ടിവിറ്റി വേണമെങ്കിൽ രോഗനിയന്ത്രണം ഉണ്ടാകണം. ഞാൻ അഗ്രിക്കൾച്ചർ യൂണി വേഴ്സിറ്റിയെ കുറ്റപ്പെടുത്തുകയല്ല. ഒരിടത്തും ഇന്ത്യയിൽ മുമ്പ് തെങ്ങ്—ഫ്രാൻസ്, സൗത്ത് ഈസ്റ്റ് ഏഷ്യ ഭരിച്ചിരുന്നകാലത്ത് അവിടത്തെ തെങ്ങിനുണ്ടായ രോഗ നിവാരണം അവർ അന്നു നോക്കിയതാണ്. അതുപോലെ ശ്രീലങ്കയിൽ കാറ്റ് വീഴ്ച തെങ്ങിനെ ബാധിച്ചിരുന്നു. അവർ അത് വെട്ടിമാറ്റി മുഴുവൻ സ്ഥലത്തും പുതിയ തൈകൾ വച്ചു. നമ്മളും അത് ആവശ്യപ്പെട്ടതാണ്. അഗ്രി ക്കൾച്ചർ യൂണിവേഴ്സിറ്റി നോക്കി. ഐ.സി.എ.ആർ. എന്നു പറയുന്ന മഹാ സ്ഥാപനം കായങ്കുളത്ത് എത്ര കാലമായി വർക്ക് ചെയ്യാൻ തുടങ്ങിയിട്ട്. രോഗ ത്തിന് പ്രതിവിധി കണ്ടുപിടിച്ചോ? രോഗം മാറ്റേണ്ടതാണ്. മാറ്റുന്നതിനുള്ള നടപടി കൾ എടുക്കേണ്ടതാണ്. മുൻകാലത്ത് നമ്മൾ എടുത്തതായിട്ടുള്ള നടപടിയാണ്. ഇന്നത്തെ നിലയിൽ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കുറ്റം മാത്രമല്ല. ഗവൺമെന്റുതന്നെ, ഞാൻ ഒരു കാര്യം പറയാം, ഞങ്ങൾ വന്നതിനുശേഷം പണം കൊടുത്തിരുന്നത് കുറവാണെന്നു നിങ്ങൾ പറഞ്ഞല്ലോ? 1999-ൽ കൊടുത്ത പണം അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി കൊടുത്തതാണ്. അനുവദിച്ചത് 1.700 ലക്ഷം രൂപ. 2000 - 2001-ൽ 1.800 ലക്ഷം രൂപ. 2001 - 2002 ൽ 1.800 ലക്ഷം രൂപ. 2002 - 2003-ൽ പണത്തിന്റെ ബുദ്ധിമുട്ടുണ്ടെങ്കിലും 2.100 ലക്ഷം രൂപ. 2003 - 2004-ൽ 2,200 ലക്ഷം രൂപ. 2004 - 2005-ൽ 2.380 ലക്ഷം രൂപ. ഈ കൊല്ലം 2,710 ലക്ഷം രൂപ. കുറവല്ല. നോൺ പ്ലാൻ സാധാരണ നിലയിൽ വരും. ഇത് പ്ലാനാണ് ഞാൻ പറഞ്ഞത്. ഇത് പോരാ. നമ്മൾ എടുക്കേണ്ടതായിട്ടുള്ള ചുമതലകൾക്ക് ഇന്നത്തെ പ്രവർത്തനം പോരാ; ചുമതല നിറവേറ്റാൻ അവിടെ കലാപം അല്ല, അവരോട് ആവശ്യപ്പെട്ടിരുന്നു, സംസാരിച്ചു. അവരുടെ സമ്മത ത്തോടുകൂടിയാണ് യൂണിവേഴ്സിറ്റിയിൽനിന്നു വന്നവരുടെ സമ്മതത്തോടുകൂടിയാണ് ഉത്തരവുകൾ ഇംപ്ലിമെന്റ് ചെയ്യാൻ പറഞ്ഞത്. ഇംപ്ലിമെന്റ് ചെയ്യുന്നതോടൊപ്പം അനോമലി തീർക്കാൻ സ്ക്രീനിംഗ് കമ്മിറ്റിയും അപ്പോയിന്റ് ചെയ്യാൻ പറഞ്ഞു. പ്രവർത്തിക്കാനും തീരുമാനിച്ചിരുന്നു. സ്ക്രീനിംഗ് കമ്മിറ്റി അപ്പോയിന്റ് ചെയ്തില്ല. സ്ക്രീനിംഗ് കമ്മിറ്റി അപ്പോയിന്റ് ചെയ്യണം. ബുദ്ധിമുട്ടുകളുണ്ടെങ്കിൽ ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്യാമെന്നു പറഞ്ഞു. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയെപ്പോലെ നമ്മുടെ കേരളത്തിൽ ഇന്നും നമ്മൾ വ്യവസായത്തെപ്പറ്റി പറയും, തർക്കം പറയാൻ ഒരുപാട് ആളുകൾ വരും. ആളുകൾക്ക് ഇപ്പോൾ വ്യവസായം മതി, കൃഷി വേണ്ടായെന്നുണ്ടെങ്കിലും പരിമിതമായിട്ടുള്ള വിധത്തിൽ ഇന്നത്തെ നിലയിലുള്ള സൗകര്യങ്ങളും പണവും ഒക്കെ ഉപയോഗിച്ചാണെങ്കിലും കേരളത്തിൽ കൃഷിക്കാരൻ കൃഷിയിൽ ആകർഷിക്കപ്പെട്ട് കൃഷി ചെയ്യാൻ തയ്യാറായിവന്നിട്ടുണ്ട്. അത് നിലനിർത്താൻ യൂണിവേഴ്സിറ്റിയെ തകർക്കുകയാണോ വേണ്ടത്? യൂണിവേഴ്സിറ്റിയെ നിലനിർത്തണം. അതിന് ശാസ്ത്രജ്ഞരെ സജ്ജമാക്കണം. Research അഭംഗുരം നടക്കണം. അവരുടെ ഗവേഷണങ്ങൾ ഫലപ്രദമാകണം. കൂടെ എക്സ്റ്റൻസ് സർവ്വീസ് നല്ല രീതിയിലാക്കി അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റും യൂണിവേഴ്സിറ്റിയുമായിട്ടുള്ള ബന്ധം സുദൃഢമാക്കണം. പലപ്പോഴും പുതിയ കണ്ടുപിടിത്തങ്ങൾ കണ്ടുപിടിക്കുന്നത് പോക്കറ്റിൽ മാത്രമായി പോകുന്ന കാലവും ഉണ്ടായിട്ടുണ്ട്. കണ്ടുപിടിത്തങ്ങളുടെ റിസൾട്ട് പോക്കറ്റിൽ വയ്ക്കുക, എക്സ്റ്റൻസ് സർവ്വീസ് കൊടുക്കാതിരിക്കുക, അതുകൊണ്ട് അത് ഉപയോഗിക്കാൻ സാധിക്കാതെയും വന്നിട്ടുണ്ട്. ആ നിലയിൽ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെയും അവിടെ പഠിക്കുന്ന കുട്ടികളുടെയും അവിടുത്തെ അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ ന്യായമായി പരിഹരിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ എടുക്കാൻ സർക്കാർ ഒരിക്കലും എതിരല്ല. ചർച്ചയ്ക്കു തയ്യാറാണ്, പ്രതിപക്ഷനേതാവിന് ആരെ വേണമെങ്കിലും വിളിക്കാം. ഞാൻ ഇത് പറയുന്നത്, സാധാരണ ഞാൻ തന്നെ വിചാരിക്കാറുണ്ടായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ഞങ്ങളെല്ലാം വളരെക്കാലം ഒന്നിച്ചു പ്രവർത്തിച്ചവരാണ്. അദ്ദേഹത്തിന്റെ നിയമസഭയിലെ പെർഫോർമൻസ് ഇന്നത്തേത് ഒഴിച്ച് ബാക്കിയുള്ളതിൽ എന്ത് നല്ല പെർഫോർമൻസാണ് നടത്തുന്നത്. ഇത് അദ്ദേഹം പഠിച്ചിട്ടില്ല. അതാണുണ്ടായത്. പഠിക്കണം. എനിക്ക് വിരോധമുണ്ടോ, ആരോടെങ്കിലും വിരോധിച്ചിട്ടുണ്ടോ, ഒരു യൂണിയനോടും ഞാൻ ഒരിക്കലും വിരോധം കാണിച്ചിട്ടില്ല. നിങ്ങളുടെകൂടെ നിന്നപ്പോഴും കാണിച്ചിട്ടില്ല. അതിൽ പലപ്പോഴും നിങ്ങൾ എന്നെ കുറ്റക്കാരിയും ആക്കിയിട്ടുണ്ട്. ഇല്ലായെന്നല്ല. ഇപ്പോഴും കാണിക്കുന്നില്ല. ഒരു പക്ഷപാതവും കാണിക്കുന്നില്ല. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, പ്രതിസന്ധിയിലും ഇന്ത്യയിലെ യൂണിവേഴ്സിറ്റികളിൽ ഒന്നാം റാങ്കിൽ വന്നിരിക്കുന്നു. കുട്ടികളുടെ പഠനത്തിലും വിജയത്തിലും അവരുടേതായിട്ടുള്ള റാങ്ക് റാങ്ങിക്കലും അവരുടെ റിസർച്ചിലും ഒന്നാം റാങ്കിൽ എത്തിയിരിക്കുന്നു, നമ്മുടെ യൂണിവേഴ്സിറ്റി. അതേ നിലയിൽ നിലനിർത്താൻ യോജിച്ച് ചർച്ച ചെയ്ത് ഈ പ്രശ്നം പരിഹരിക്കണം. അതിന് ഞങ്ങൾ തയ്യാറാണ് എന്നു മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു. ഈ ചർച്ച വന്നത് നന്നായി. എനിക്ക് ചില കാര്യത്തിലൊക്കെ പിടിവാശിയുണ്ട്. പിന്നെ പ്രായത്തിന്റേതുണ്ട്. കടുംപിടുത്തം പിടിവാശി കാര്യത്തിൽ എനിക്കുണ്ട്. ഇല്ല എന്നുള്ളതല്ല. എനിക്ക് ചില വിശ്വാസങ്ങളുണ്ട്. ആ വിശ്വാസങ്ങളിൽ ഞാൻ ചില കടുംപിടുത്തം നടത്താറുണ്ട്. പക്ഷേ, ഈ പ്രശ്നങ്ങളിൽ അതില്ല. നമുക്ക് യോജിച്ച് പ്രവർത്തിക്കാമെന്നു മാത്രം പറയുകയാണ്. ഞാൻ എന്റെ സംസാരം നിർത്തുന്നു.

മി. സ്പീക്കർ : ഇന്നു ബിസിനസ് ഭംഗിയായി നടത്തിയതിന് എല്ലാവർക്കും നന്ദി. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലൈ 22- ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 8.50-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly